കഥാബീജം അനുകൂലമായ സാഹചര്യങ്ങളിൽ കാവ്യതരുവായി വളരുന്നതോടെ പ്രാചീനകേരളത്തിലെ ഒരു പ്രത്യേകകാലഘട്ടത്തിന്റെ യഥാർത്ഥ പ്രതിബിംബമായി പരിണമിക്കുന്നു. അങ്ങിനെ നമ്മുടെ ചരിത്രത്തിന്റെ ഏടുകളെ ഇരുളടഞ്ഞതെന്നു് വിശ്വസിക്കുന്ന ഇടനാഴികളിലേക്കു് ഇതു പ്രകാശം ചൊരിയുന്നുകൂടിയുണ്ടു്. കല്പിതപാത്രങ്ങളേയും ചരിത്രപുരുഷന്മാരേയും തമ്മിൽ വേർതിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്തവിധം അനുഭൂതാവഹമായ ക്രിയാത്മക നിപുണതയോടെയും, അസാമാന്യമായ സർഗ്ഗശക്തിയോടും അസൂയാവഹമായ തന്മയത്വത്തോടുമാണു് ഗ്രന്ഥകാരൻ പാത്രങ്ങളെ സൃഷ്ടിച്ചിരിക്കുന്നതു്. സംഭവങ്ങളിൽ അധികവും യഥാർത്ഥമാണോ കല്പിതമാണോ എന്നു് തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല. എങ്കിലും യാതൊരു ചലനത്തിലും ഒരു യാഥാർത്ഥ്യബോധം സ്ഫുരിക്കാതിരിക്കുന്നില്ല. കാലത്തിന്റെ പ്രവാഹംകൊണ്ടു് സംഭവിച്ചിരിക്കുന്ന വിദൂരതയാണു് ഈ ബോധത്തിനുപോൽബലകമായിരിക്കുന്ന ഒരു ഘടകമെങ്കിലും കൂടുതൽ ഗണനാർഹമായിട്ടുള്ളതു്. ഗ്രന്ഥകാരന്റെ വർണ്ണനാപാടവവും ചിത്രീകരണചാതുര്യവും തന്നെയാണു്. അല്പം അസാധാരണത്വം കാണാവുന്ന ചില സംഭവങ്ങളുണ്ടെങ്കിലും, മനുഷ്യജീവിതത്തിന്റെ നിഗൂഢമായ ഉള്ളറകളെ പ്രകാശമാനമാക്കുന്ന ജ്യോതിസ്സുകളാണു് അവയിൽ പലതും. സ്വകാര്യജീവിതത്തിന്റെ നിഗൂഢതകളിലേക്കു് കടന്നുചെല്ലുവാനും ചിത്തവൃത്തികളുടെ ക്രമാനുഗതമായ വികസനം അപഗ്രഥിക്കുവാനും "കേരളേശ്വരനു" കഴിഞ്ഞിട്ടുണ്ടു്. വായിക്കുന്നതിനിടയിൽ എത്രയോ തവണ കണ്ണുനിറഞ്ഞുതുളുമ്പുകയും തൊണ്ട ഇടറുകയും ചെയ്തിട്ടുണ്ടു്. അനുവാചകഹൃദയവും കഥാപാത്രങ്ങളും തമ്മിലുള്ള താദാത്മ്യമാണു് ഇതിനു കാരണം.

ഒന്നുകൂടി അന്യൂനമായി അപഗ്രഥിച്ചിട്ടുപറയുകയാണെങ്കിൽ നമ്പിശൻ അസൂയാർഹനായിത്തീർന്നിരിക്കുന്നതു് പാത്രരചനാ വൈഭവത്തിലാണു്. കഥാപാത്രങ്ങളുടെ മാനസികാപഗ്രഥനത്തിൽ ഇത്രമാത്രം വിജയിക്കുവാൻ സാധിച്ചിട്ടുള്ളതു് ഒരു പക്ഷേ 'ഉറൂബി'നു മാത്രമാണെന്നാണു് ഈ ലേഖകന്റെ അടിയുറച്ച വിശ്വാസം. മനുഷ്യഹൃദയത്തിന്റെ കപടതയും പാവനതയും നാരകീയതവും സ്വർഗ്ഗീയതയും മററു വിവിധരീതികളിലുള്ള സ്വഭാവവിശേഷങ്ങളും ഈ കൃതിയിൽ ആദ്യന്തം ഉരുമ്മിനില്ക്കുന്നതായി കാണാം.

ഇവയിൽനിന്നെല്ലാം ഗ്രന്ഥകാരന്റെ കല്പനാശക്തിയും ഭാവനാപ്രഭാവവും, എല്ലാത്തിനുമുപരിയായി സാമാന്യ സ്വഭാവ നിരീക്ഷണശക്തിയും വ്യക്തമാകുന്നുണ്ടു്. കഥാഘടനയും പാത്രസൃഷ്ടിയും ആന്തരിക രൂപത്തിന്റെ ശില്പപരമായ കെട്ടുറപ്പും ഇത്ര കണ്ടൊത്തിണങ്ങുന്ന കൃതികൾ മലയാളത്തിൽ ദുർല്ലഭമത്രെ!

ഇതിലെ പ്രധാനകഥാപാത്രങ്ങളിൽ, കഥാനായകനായ രാമൻ തമ്പുരാൻ, അദ്ദേഹത്തിന്റെ ഹൃദയംകവർന്ന, ലജ്ജാലോലഗമയില്ലാതെ കത്തിനില്ക്കുന്ന നെയ്ത്തിരിപോലുള്ള അമ്മാളു, നാട്ടുകാര്യങ്ങളുടെ ബാഹുല്യങ്ങൾക്കിടയിലും കുടുംബസ്നേഹംവഴിഞ്ഞൊഴുകുന്ന ശങ്കരൻനായർ, ഉള്ളിലുള്ള കപടതകൾക്കും കുതന്ത്രങ്ങൾക്കും ഒരു വെളിയടയായി എപ്പോഴും തയ്യാർചെയ്തിരിക്കുന്ന പുഞ്ചിരിയോടെ നടക്കുന്ന പ്രൗഢയായ ചിരുതേവിയമ്മ, കഴിഞ്ഞുപോയ തലമുറയുടെ മധുരസ്മരണകളെ മാത്രം എപ്പോഴും തികട്ടിക്കൊണ്ടിരിക്കുന്ന മുത്തശ്ശി, വിഡ്ഢിയെങ്കിലും അതിശുദ്ധനായ കേശവൻനമ്പൂതിരി എന്നിവർ നമ്മുടെ ചുററുപാടും കണ്ടിട്ടുള്ള യഥാർത്ഥ മനുഷ്യരുടെ കൂട്ടത്തിൽപെട്ട ജീവൽസ്വരൂപങ്ങളായി തെളിഞ്ഞുനില്ക്കുന്നു. അതുപോലെതന്നെയാണു് കഥയുടെ അവലംബമായ സാമൂഹ്യപശ്ചാത്തലവും. കാലത്തിന്റെ പ്രവാഹം ആ മൂല്യങ്ങളേയും ജീവിതരീതികളേയും പരിവർത്തനങ്ങൾക്കുവിധേ

യമാക്കിയിട്ടുണ്ട്. എങ്കിലും അന്നത്തെ വായനക്കാർ ജീവിച്ചിരുന്ന ചുററുപാടുകൾ തന്നെയാണ് പ്രസ്തുത കൃതിയിൽ തെളിഞ്ഞുകാണുന്നത്. വിഭിന്ന ചരിത്രഗതികൾ തമ്മിലുള്ള സംഘട്ടനങ്ങളെയും മാനസികവികാരങ്ങളേയും തമ്മിൽ താദാത്മ്യപ്പെടുത്തുകയാണ് ശ്രീ. നമ്പീശൻ ചെയ്യുന്നത്. സമകാലികസാമൂഹ്യനിലയുടെ വിലക്ഷണതകളേയും അതോടൊപ്പംതന്നെ കെട്ടുറപ്പുകളേയും യാഥാർത്ഥ്യത്തിൻെറ മഷിയിൽ വരച്ചുകാട്ടുന്നതിന് ഈ ഗ്രന്ഥകാരനു തുല്യനായി ഒരു പക്ഷേ നമുക്കൊരു ചന്തുമേനവൻ മാത്രമുണ്ടായിരിക്കാം. വാസ്തവത്തിൽ ആധുനിക കേരളത്തിലെ സാമൂഹ്യപരിഷ്കാരത്തെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ കൂടി ഈ കൃതി ശരിക്കു പഠിച്ചിരിക്കണം. താരതമ്യപഠനംകൊണ്ടാണല്ലോ ഒരാധികാരിക നിഗമനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നത്.

കഥാപാത്രങ്ങളിൽ, ചിരുതേവിയമ്മയുടെ സ്വഭാവ ചിത്രീകരണത്തിൽ ഗ്രന്ഥകാരൻെറ മനശ്ശാസ്ത്രതത്വങ്ങളുടെ വിദഗ്ദ്ധപ്രയോഗങ്ങൾ കാണാവുന്നതാണ്. പ്രത്യക്ഷത്തിൽ കഠിനയും പ്രൗഢയുമായി തോന്നുമെങ്കിലും ചിരുതേവിയമ്മയുടെ സ്വഭാവവും 'ഒഥല്ലോ' യിലെ 'ഇയാഗോ' എന്ന 'വില്ല'ൻെറ സ്വഭാവവും തമ്മിൽ മൗലികമായ ചില ബന്ധങ്ങൾ കാണുന്നു. പ്രേമനൈരാശ്യവും തജ്ജന്യമായ പ്രപഞ്ചവിദ്വേഷവും അവരിൽനിന്നും മൃദുല വികാരങ്ങളെ ഇച്ചുമാററിയിട്ടുണ്ട്. കഷ്ടാനുഭവങ്ങൾ മുററിച്ചുവശമാക്കിയ ഹൃദയത്തിൽ യാതൊരുവിധ മനുഷ്യബന്ധങ്ങൾക്കോ, കടപ്പാടുകൾക്കോ സ്ഥാനം കിട്ടുന്നില്ല.

കഥതുടങ്ങുന്നതുതന്നെ റൊമാൻറിക് ചായമുപയോഗിച്ച് വരച്ച ഒരു വീരസാഹസികരംഗത്തോടുകൂടിയാണെങ്കിലും, കരഞ്ഞുകൊണ്ടിരുന്ന കോമളാംഗിയായ ഒരു തന്വി, മുഖംകഴുകി സ്വസ്ഥയായിത്തീർന്നതു പോലെ അന്തരീക്ഷം പെട്ടെന്ന് ശാന്തമായിത്തീരുന്നു. അതോടെ ഒരു കാലഘട്ടത്തിൻെറ ഇതിഹാസം തുടങ്ങുകയാണ്.

പിന്നീട് നമ്മുടെ ശ്രദ്ധയെ പിടിച്ചുനിർത്തുന്നത് [illegible] രാജകുമാരൻ എവിടെനിന്നോ എറിഞ്ഞുകിട്ടിയ കയറിൻെറ സഹായത്തോടെ കരപററുന്ന രംഗമാണ്. ചക്രവാളത്തോളം വിസ്തൃതമായിക്കിടക്കുന്ന ഒരു വയൽച്ചിറ; അതിൽ അവിരാമമായി ആഘോഷിക്കുന്ന വള്ളംകളി; വാശിയോടെ നീന്തിച്ചിറയുടെ കര പററാൻ ഒരു വിധത്തിലും സാധിക്കാതെ തളർന്ന് കുഴഞ്ഞുമുങ്ങിപ്പോകുന്ന കോമളനായ ഓമനത്തമ്പുരാൻ; സന്ദർഭ ഗൗരവമറിഞ്ഞ് മറെറാന്നും ചിന്തിക്കാതെ പള്ളക്കയർ വളയച്ചുരുളാക്കി ആഞ്ഞെറിഞ്ഞു കൊടുക്കുന്ന ഒരു ഗ്രാമീണ കന്യക; എല്ലാത്തിനും അസാമാന്യമായ ക്രിയാത്മക നിപുണതയുള്ള ഒരു പ്രാകൃതിക ശില്പതന്ത്രജ്ഞൻെറ കയ്യിൽ കിട്ടിയ അസംസ്കൃതമായ പോത്തിൻകൊമ്പിൽ നിന്നും തികഞ്ഞ പരിണാമഗുപ്തിയോടെ അതിവിദഗ്ദ്ധമായി രൂപം കൊണ്ട കലാശില്പങ്ങളുടെ പ്രതീതിയാണുള്ളത്.

മങ്ങലില്ലാത്ത ആ ചിത്രപരമ്പരയിൽപ്പെട്ട മറെറാരു രംഗംകൂടി കുറിക്കട്ടെ. അതിന് മാലിനിതീരത്തിലെ ആ ശാന്തികേന്ദ്രത്തിൽ വച്ചൊരിക്കൽ അഭിനയിച്ച ഹൃദയഹാരിയായ ആ പ്രണയനാടകത്തിൻെറ ഛായയുണ്ട്. "പ്രണയിനിയുടെ മുഖം ജനലഴിയോടു ചേർന്നുകണ്ടപ്പോൾ, അഴിക്കട്ടിളയുടെ അടിപ്പടിയിന്മേൽ ചാടിക്കേറി അസാരമൊന്ന് കുനിഞ്ഞ്, രണ്ടു തൃക്കൈകൊണ്ടും ആ ഓമനമുഖം ഒന്നു ചേർത്തുപിടിച്ച്, 'ഇഹത്തിലും പരത്തിലും നമ്മൾ രണ്ടും ഒന്ന്' എന്ന് ചെവിയിൽ മന്ത്രിച്ചു. അഴികൾ അനുവദിച്ചിടത്തോളം ഓമനമുഖങ്ങൾ തമ്മിൽ യോജിച്ചു."—അങ്ങനെ ആ അനശ്വരപ്രേമകാവ്യം നീളുകയാണ്. അതാണ് കേരളേശ്വരൻ.

'കേരളേശ്വരനെ' കുറിച്ച് ശ്രീ. പി. എ. വാര്യർ ഇതുകൂടി പറയുന്നുണ്ട്. "ചരിത്രത്തിൻെറ നിലവറകളിൽ സൗവർണ്ണനിധികളും നിട്ടസ്സാക്കടങ്ങളുമുണ്ട്. കൂററാക്കൂററിരുട്ടല്ലേ? നിധിയാണെന്നുവച്ച് നീററുസ്സാക്കടത്തിൽ കയ്യിട്ടാൽ നാററിക്കാമെന്നുമാത്രം. കിട്ടിയ അടസ്സാ പൊളിച്ച് തരങ്ങളുതിരു വച്ചാൽ കുറുക്കകാർക്കെങ്കിലും ഉപകാരമാവും. മറിച്ച് കൈകൊട്ടിച്ചുകളഴകക പോലും ചെയ്യാതെ ഇറങ്ങി നടന്നാലോ? അതാണ് ചരിത്രത്തിൽ നിന്നും നോവൽ

# ലോകസമാധാനം നിരായുധീകരണത്തിൽക്കൂടി?

[illegible]

ബൽഗ്രേഡിൽ ചേർന്ന നിഷ്പക്ഷരാഷ്ട്രങ്ങളുടെ സമ്മേളനാനന്തരം മോസ്കോവിലെത്തിയ പ്രധാനമന്ത്രി ശ്രീ. നെഹ്റു നിരായുധീകരണത്തിന്റെ ആവശ്യകതയെപ്പററി പതിവിലേറെ വികാരവിവശനായി റഷ്യൻ പ്രധാനമന്ത്രിയോടു സംസാരിച്ചു. ഏതെല്ലാം തരത്തിലുള്ള ആയുധങ്ങളാണ് റഷ്യ നിരാകരിക്കേണ്ടതെന്ന് എഴുതിക്കൊടുക്കാൻ ശ്രീ. ക്രൂഷ്ചേവ് ആവശ്യപ്പെട്ടപ്പോൾ നമ്മുടെ പ്രധാനമന്ത്രി അതീനശക്തനായിത്തീർന്നു. ഏന്താണിതിനു കാരണം? നിരായുധീകരണത്തിനുവേണ്ടി ധീരധീരം പ്രയത്നിക്കുന്ന നെഹ്റുവിനെപ്പോലുള്ളവർക്കും ഇത്തരം പ്രതിസന്ധിഘട്ടങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നതെന്തുകൊണ്ടാണ്? നിരായുധീകരണം കൊണ്ടുമാത്രം സ്വർഗ്ഗരാജ്യം നേടാനാവുമെന്ന മിഥ്യാവിശ്വാസമാണിതിന്നൊക്കെ കാരണം.

റഷ്യയ്ക്കോ അമേരിക്കയ്ക്കോ കൂടുതൽ മാരകായുധങ്ങളുള്ളതെന്നു സംശയിച്ചു കൊണ്ടിരിക്കുന്ന ജനത ഇന്ന് പ്രതീക്ഷാനിർഭരമായ ദൃഷ്ടികളോടെയാണ് ജനീവായിലെ നിരായുധീകരണ സമ്മേളനത്തെ വീക്ഷിക്കുന്നത്. അണ്വായുധ പരീക്ഷണ പരമ്പര നടത്താൻ അമേരിക്ക തീരുമാനിച്ചതിൽ പ്രതിഷേധിച്ച് സമ്മേളനം ബഹിഷ്കരിച്ചിരുന്ന റഷ്യ വീണ്ടും അതിൽ പങ്കെടുക്കാനാരംഭിച്ചത് ആശ്വാസകരം തന്നെ. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു അണ്വായുധ യുദ്ധമുണ്ടാവാൻ തീരെ സാദ്ധ്യതയില്ല. കാരണം അത്തരമൊരു യുദ്ധം ഇരു രാഷ്ട്രങ്ങളുടെ മാത്രമല്ല, ലോകത്തിന്റെ തന്നെ നാശത്തിലേ കലാശിക്കൂ. യുദ്ധത്തെ തടഞ്ഞുനിർത്താനുള്ള ഏററവും നവീനമായ മാർഗ്ഗമാണ് വിൻസ്റ്റൻ ചർച്ചിലിന്റെ അഭിപ്രായത്തിൽ അണ്വായുധങ്ങൾ. പക്ഷേ ബർട്രാൻഡ് റസ്സൽ

---

കയറ്റിപ്പിടിപ്പിക്കാനുള്ള വൈദഗ്ദ്ധ്യം. ഇങ്ങനെ നോക്കുമ്പോൾ കേരളേശ്വരന് കൈവന്ന വിജയം എത്രമാത്രം പ്രശംസാർഹമെന്ന് കാണാം."

ബേക്കൺ പറഞ്ഞിട്ടുണ്ട്. "Some Books are to be tasted, others to be swallowed, and some few to be chewed and digested." ഇത് ശ്രദ്ധേയമായൊരഭിപ്രായമാണ്. എങ്കിൽ മലയാളികൾ ഈ ഗ്രന്ഥത്തെ പഠിക്കേണ്ടതുണ്ട്.

ഒരു നല്ല ആഖ്യായികാകാരനു വേണ്ടിയിരിക്കുന്ന ജീവിതാനുഭവബോധം നൈസർഗ്ഗികമായി ലഭിച്ചിരിക്കുന്നതാണ് ഗ്രന്ഥകാരന്റെ വിജയത്തിനുള്ള പ്രധാന കാരണം. ജീവിതത്തിലെ വിവിധ മണ്ഡലങ്ങളും സാഹചര്യങ്ങളുമായി ദീർഘകാലം ഇടപെട്ട് നേടിയെടുത്ത ലോകപരിചയത്തിന്റേയും മനുഷ്യസ്വഭാവ പരിജ്ഞാനത്തിന്റേയും കലർപ്പില്ലാത്ത സമ്മേളനമായിട്ടുണ്ട് ഈ ഗ്രന്ഥം. ഗ്രന്ഥകാരന്റെ നിരാക്ഷേപമായ വ്യക്തിത്വവും അനന്യമായ പ്രതിഭാവിലാസവും പ്രശംസനീയമായ വിധത്തിൽ ഇതിൽ പ്രകാശിക്കുന്നു. ഭാഷയുടെ ലാളിത്യവും സാരള്യവുമാണ് കഥയ്ക്ക് പരിപുഷ്ടി നൽകുന്നത്. ഭാഷയെക്കുറിച്ചുള്ള നമ്പീശന്റെ പ്രമാണം, Ezrapound പറഞ്ഞിട്ടുള്ളതുപോലെ, "Great Literature is simple language charged with meaning to the utmost possible degree" എന്നാണെന്നു കാണാം.

ദുർജ്ജ്ഞേയവിഹീനമായ ഈ ജ്ഞാനവിപുലവ്യാപാരത്തിലേക്ക്, ഭാഷാഭിമാനികളായ കേരളീയരുടെ ശ്രദ്ധ തിരിയട്ടെ ?

പറയുന്നതുപോലെ അണ്വായുധങ്ങൾ കൂടുതൽ രാഷ്ട്രങ്ങൾക്കധീനങ്ങളാവുകയും അവയിലൊന്നിന്റെ അധിപതിയായി ഒരു ഭ്രാന്തൻ നിലയുറപ്പിക്കുകയും ചെയ്താൽ?

ഇത്തരുണത്തിലാണ് നിരായുധീകരണത്തിന്റെ പ്രാധാന്യം നാം കണക്കിലെടുക്കേണ്ടതു്. റഷ്യൻ പ്രതിനിധി, അല്ലെങ്കിൽ പാശ്ചാത്യ പ്രതിനിധികൾ സമ്മേളനത്തിൽ നിന്നിറങ്ങിപ്പോക്ക നടത്തുന്നതല്ലാതെ കാര്യമായ യാതൊരു പുരോഗതിയും ഇന്നേവരെ ഇതിലുണ്ടായിട്ടില്ല.

നിരായുധീകരണം ഫലപ്രദമാകണമെങ്കിൽ അതു് പരിപൂർണ്ണനിരായുധീകരണമായിരിക്കണമെന്ന റഷ്യ വാദിക്കുമ്പോൾ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഭാഗികമായ നിരായുധീകരണത്തെ മാത്രമേ അമേരിക്ക അനുകൂലിക്കുന്നുള്ളു. ഭാഗികമായ നിരോധനം ഫലവത്താവുകയാണെങ്കിൽ പരിപൂർണ്ണ നിരായുധീകരണത്തിനും അമേരിക്ക തയ്യാറാണ്. പക്ഷേ ഭാഗികമായ നിരായുധീകരണം പരാജയത്തിലേ കലാശിക്കൂ എന്നാണ് റഷ്യൻ അഭിപ്രായം.

റഷ്യ [illegible] ഭാഗികവും ഏകപക്ഷീയവുമായ നിരായുധീകരണം സാധിച്ചിട്ടും അതിൽ പരാജയപ്പെട്ടതും ഇവിടെ സ്മരണീയമാണ്. അണ്വായുധ പരീക്ഷണനിരോധനം പിൻവലിച്ച് ഇരുപതി നാല് മണിക്കൂറുകൾക്കുള്ളിൽ പരീക്ഷണം പുനരാരംഭിക്കാൻ ആയുധങ്ങൾ സജ്ജമാക്കിയിരുന്ന എന്നുള്ളതിൽനിന്നും ഏതുതരത്തിലുള്ള നിരോധനമായിരുന്നു റഷ്യയിൽ നിലവിലിരുന്നതെന്ന നമുക്ക് മനസ്സിലാക്കാം. ആ അനുഭവത്തിൽ നിന്നാണ് റഷ്യ പറയുന്നതു്, നിരായുധീകരണം ഭാഗികമാണെങ്കിൽ നിരോധിക്കാത്ത ആയുധങ്ങൾ നിർമ്മിക്കാൻ മത്സരം വർദ്ധിക്കുമെന്ന്.

ഭൂമിക്കടിയിൽ വച്ചുള്ള പരീക്ഷണങ്ങളൊഴികെ മറെറല്ലാം നിരോധിക്കാൻ അമേരിക്ക സമ്മതം പ്രകടിപ്പിക്കുമ്പോൾ, ഭൂമിക്കടിയിലല്ല ഭൂലോകത്തെവിടെയുമുള്ള എല്ലാതരം ആയുധ പരീക്ഷണങ്ങളും നിരോധിക്കാനാണ് റഷ്യ ആവശ്യപ്പെടുന്നതു്.

ഏതു തരത്തിലുള്ള നിരായുധീകരണമായിരിക്കണം സാധിക്കേണ്ടതെന്നതിനെപ്പററി മാത്രമല്ല പാശ്ചാത്യ റഷ്യൻ ചേരികൾ തമ്മിൽ അഭിപ്രായവ്യത്യാസം. പരിശോധനാ സമ്പ്രദായത്തെപ്പററിയാണ് മറെറാരു വടംവലി. നിരായുധീകരണം സാധിക്കുകയാണെങ്കിൽ ലോകത്തെവിടെയും ആയുധപരീക്ഷണങ്ങൾ നടക്കുന്നുണ്ടോ എന്നറിയാനുള്ള സ്വാതന്ത്ര്യം വേണമെന്നതാണ് മറ്റൊരു അമേരിക്കൻ വാദം. റഷ്യയിലും യഥേഷ്ടം സഞ്ചരിച്ച് പരിശോധിക്കാനുള്ള അമേരിക്കൻ അവകാശം റഷ്യ തള്ളിക്കളയുകയാണ്. റഷ്യയെ അമേരിക്കക്കാർക്ക് ചാരപ്രവർത്തനത്തിനുള്ള സങ്കേതമാക്കാൻ അനുവദിക്കില്ലെന്നാണ് ഇതിനുള്ള റഷ്യൻമറുപടി. ലോകവ്യാപകമായ പരിശോധനാ സമ്പ്രദായങ്ങളും വാഗ്ദാനപരിപാലനത്തിലുള്ള അചഞ്ചലമായ വിശ്വാസവുമുണ്ടെങ്കിൽ ചാരപ്രവർത്തനത്തിന്റെ പ്രശ്നം അവിടെ ഉദിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം.

പക്ഷേ റഷ്യാക്കാരുടെ ഈ വാദത്തിൽ അല്പം കഴമ്പില്ലാതില്ല. ലോകത്തിൽ സമാധാനപരമായി (ഏകാധിപത്യത്തിൻ കീഴിലാണെങ്കിൽത്തന്നെയും) ഭരണം നടക്കുന്ന ഒരേ ഒരു രാജ്യമാണ് റഷ്യ. വെള്ളക്കാർക്ക് യഥേഷ്ടം അവിടെ പ്രവേശിക്കുവാനുള്ള അനുമതി ലഭിച്ചാൽ കാലക്രമേണ അവർ റഷ്യയെ ഒരു കോളനിയായി മാററിയേക്കാം. നാട്ടുകാരെ കലഹിപ്പിച്ച് സ്വന്തംകാര്യം നേടാൻ അവർക്കുള്ള സാമർത്ഥ്യം നാം കണ്ടറിഞ്ഞിട്ടുള്ളതാണല്ലോ. നിഷ്പക്ഷ രാഷ്ട്രങ്ങളിലെ പ്രതിനിധികൾക്ക് റഷ്യയിൽ പരിശോധന നടത്താൻ അനുവാദം കൊടുക്കാമെന്നും റഷ്യക്ക് അമേരിക്കയിൽ പരിശോധന നടത്താൻ അവകാശം വേണമെന്നും റഷ്യ പറയുന്നു. ഭൂലോകത്തോ, അന്തർഭാഗത്തോ നടക്കുന്ന ഏററവും ചെറിയ സ്ഫോടനങ്ങൾ പോലും രേഖപ്പെടുത്താൻ കഴിവുള്ള യന്ത്രങ്ങൾ ലോകത്തിന്റെ പല ഭാഗത്തും സ്ഥാപിച്ചിട്ടുള്ളതുകൊണ്ടും ഇനിയും സ്ഥാപിക്കാവുന്നതുകൊണ്ടും റഷ്യൻ നിർദ്ദേശം നിരായുധീകരണത്തിന്റെ പാത പൂർണ്ണമായി അടയ്ക്കുന്നില്ല.

കാലചക്രത്തോടൊപ്പം സയൻസും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ നേട്ട

ങ്ങൾ മനുഷ്യർ ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധമായിരിക്കും ശാസ്ത്രത്തിന്റെ നിയന്ത്രണാതീതമായ കുതിച്ചുകയററത്തിനു കടിഞ്ഞാണിടാൻ പോകുന്നതു്. ആധുനിക കണ്ടുപിടുത്തങ്ങളായ മിസൈൽ, റോക്കററു് മുതലായവ ഇന്നു നശീകരണായുധങ്ങളായി ഉപയോഗപ്പെടുത്തുകയാണു്. അവയെ നേരായ മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്താൻ ശ്രമിച്ചതിലുള്ള വമ്പിച്ച വിജയമല്ലേ മനുഷ്യന്റെ ബഹിരാകാശ യാത്ര കുറിയ്ക്കുന്നതു് ?

യു. എൻ. ഒ. യ്ക്കു് ഫലപ്രദമായിട്ടൊന്നെങ്കിലും പ്രവർത്തിക്കാൻ സാധിക്കുമെന്നും തോന്നുന്നില്ല. പ്രവർത്തകരുടെ ആത്മാർത്ഥതാരാഹിത്യവും അതിന്റേതായ ചില വൈകല്യങ്ങളും ആ സംഘടനയുടെ ശവക്കുഴി തോണ്ടിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇന്നതു് അസമത്വത്തിന്റെയും അനീതിയുടെയും വിളനിലമാണു്. കേവലം ചർച്ചാസമിതി മാത്രമായധഃപതിച്ചിരിക്കുന്ന U. N. O. യുടെ ഘടനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താൻ സാധിക്കാത്തപക്ഷം അതിന്റെ ആയുസ്സു് അമേരിക്കയുടെ ഡോളറിനേയും റഷ്യയുടെ സമ്പന്നസ്സിനേയും ആശ്രയിച്ചിരിക്കും. ക്രൂഷ്ചേവു് പറയുന്നതുപോലെ കമ്മ്യൂണിസ്റ്റു് ചേരി രാഷ്ട്രങ്ങൾ U. N. O. വിട്ടാൽ നിഷ്പക്ഷരാഷ്ട്രങ്ങളും ആ സംഘടന വിടാൻ നിർബ്ബന്ധിതരാകും. ഫലമോ? നാറോ പോലുള്ള ഒരു സംഘടനയായി U. N. O. അധഃപതിക്കുകയും ചെയ്യും. ഇതു് കേവലം അസംഭാവ്യമെന്നു തിരിച്ചുപറയാവുന്നതല്ലല്ലോ? നിലവിലിരിക്കുന്ന ഏകസമാധാന സംഘടനയെ സ്വതന്ത്രവും നിഷ്പക്ഷവുമാക്കാൻ പാശ്ചാത്യ ചേരിയ്ക്കും ധാർമ്മികമായ ഒരു കടമയുണ്ടു്. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു സംഘടനയ്ക്കേ ലോകസമാധാനത്തിനുവേണ്ടി കാര്യമായിട്ടെന്തെങ്കിലും പ്രവർത്തിക്കാൻ സാധിക്കൂ.

നിരായുധീകരണം സാധിച്ചാൽ അതെങ്ങനെ ലോകസമാധാനത്തെ സഹായിക്കും എന്നുകൂടി ചിന്തിക്കുന്നതുചിതമായിരിക്കും. സമാധാന പ്രേമിയായ ഭാരതത്തിനിന്നു പ്രതിവർഷം നാനൂറുകോടി ഉറുപ്പികയോളം സൈനികാവശ്യത്തിനു ചിലവാക്കേണ്ടിവരുന്നു. ഇരുപത്തിനാലു മണിക്കൂറുകളും ചാരപ്രവർത്തനം നടത്തുന്ന അമേരിക്കയല്ലോ? റഷ്യയും ഇതിലൊട്ടും പിന്നിലല്ല. സൈനികരുടെ എണ്ണം കുറവുചെയ്തിട്ടുണ്ടെങ്കിൽ അതിലധികം ശക്തിമത്തായ ആയുധങ്ങൾ അവർ സംഭരിച്ചിട്ടുണ്ടു്. നിരായുധീകരണം സാധിക്കുകയാണെങ്കിൽ ഗണ്യമായൊരു തുക ലാഭിക്കാൻ സാധിക്കുകയില്ലേ? അതു് അവികസിതരാഷ്ട്രങ്ങളുടെ വികസനത്തിനുപയോഗപ്പെടുത്തരുതോ? സൈനികാവശ്യത്തിനു് ഇന്നു ലോകരാഷ്ട്രങ്ങളാകെ ചെലവാക്കുന്ന 12000 കോടി ഡോളറിന്റെ പത്തു ശതമാനം അവികസിത രാഷ്ട്രങ്ങൾക്കുവേണ്ടി ചെലവാക്കുകയാണെങ്കിൽ ഇരുപതു വർഷം കൊണ്ടു വിശപ്പും രോഗവും നിരക്ഷരത്വവും ഈ ലോകത്തു നിന്നു തുടച്ചുമാററാമെന്നു് ശ്രീ. ക്രൂഷ്ചേവു തന്നെ സമ്മതിക്കുന്നു.

അങ്ങനെ ലോകരാഷ്ട്രങ്ങൾ സദ്ബുദ്ധിയിലെത്തുമ്പോൾ ലോകത്തിലുള്ള അസ്വാസ്ഥതകളും 'ഇസ' ങ്ങളുമെല്ലാം ഒളിച്ചോടുക തന്നെ ചെയ്യും. മനുഷ്യൻ മനുഷ്യനെ മനസ്സിലാക്കും. റഷ്യാക്കാരനും അമേരിക്കക്കാരനും ഇൻഡ്യാക്കാരനും മാംസം കൊണ്ടും രക്തം കൊണ്ടും നിർമ്മിക്കപ്പെട്ടവരാണെന്നും അവരുടെ ജീവൻ ഒരുപോലെ വിലപ്പെട്ടതാണെന്നും ലോകം മനസ്സിലാക്കും. ഒരു പക്ഷേ അക്കാലത്തു് ബെട്രാൻഡ് റസ്സലിന്റെ "ലോകഗവണ്മെന്റ്" എന്ന ആശയവും പ്രായോഗികമായെന്നുവരാം.

ശാസ്ത്രം വളരണം. മനുഷ്യരാശിയുടെ ഇന്നേവരെയുള്ള നേട്ടങ്ങൾക്കെല്ലാം നിദാനം ശാസ്ത്രമാണു്. ശാസ്ത്രത്തിന്റെ വിലപ്പെട്ട സംഭാവനകൾ ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള സംസ്കാരമാണു് നിരായുധീകരണത്തേക്കാളേറെ മനുഷ്യർക്കിന്നാവശ്യം. ഇതുകൊണ്ടു് നിരായുധീകരണത്തെ ഞാൻ അധിക്ഷേപിക്കുകയാണെന്നു തെററിദ്ധരിക്കരുതു്. നിരായുധീകരണം കൊണ്ടു് എല്ലാം നേടാമെന്ന വിശ്വാസം തെററാണു്. അതു് ലോകസമാധാനത്തെ സഹായിക്കുന്ന ഒരു ഘടകം മാത്രമാകുന്നു. നിരായുധീകരണത്തോടൊപ്പം മനുഷ്യന്റെ തലച്ചോറിൽ സംസ്കാരം കൊണ്ടുള്ള ഒരു സജ്ജീകരണവും നടന്നുകഴിഞ്ഞിരിക്കണം. നിരായുധീ

(വിനോദം)

# അതിർത്തിത്തർക്കം

K. N. AYYAPPAN, P. U. C.

അന്നൊരൊഴിവു ദിവസമായിരുന്നു. അതുപോലെതന്നെ എന്റെ ജീവിതത്തിലെ ഒരു ഗ്രഹപ്പിഴ തീർന്ന ദിവസവും ആയിരുന്നു. രാവിലെ പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ചു് അല്പം കട്ടൻകാപ്പിയും കപ്പ പുഴുങ്ങിയതും കഴിച്ചു.

"ചായ ചായേതി ചായേതി ജപിച്ചീടും
ചായയെത്തന്നെ മനസാ ചിന്തിച്ചീടും
ചുക്കുവെള്ളത്തിനും കുടിപ്പുകരമായ്
മൂക്കറ്റമെപ്പോഴും ചായ കുടിച്ചീടും" ചെയ്യുന്ന ഏർപ്പാടിനോടു് ചായയ്ക്കു് വില കൂടിയ അവസരത്തിൽ ഞാൻ ഒരു വിമോചനസമരം പ്രഖ്യാപിച്ചിരിക്കുകയാണ്. പുളിയുടെ കുരു തിന്നുന്നതിൽ വളരെ താല്പര്യമുണ്ടായിരുന്ന എന്റെ കുട്ടികൾ കാപ്പിപ്പൊടി ഉപയോഗിക്കുന്നതിൽ എന്നെ പിന്താങ്ങി. അങ്ങിനെ എനിക്കു് ഭൂരിപക്ഷം കിട്ടിയപ്പോൾ ആ ഭേദഗതി നടപ്പിലായി. പാൽ ഒഴിച്ചു് കാപ്പി കുടിക്കുവാൻ കോശസ്ഥിതി വളരെ മോശം. മേടിക്കുകയാണെങ്കിൽ ഒരു ദിവസം രണ്ടു നേരത്തേയ്ക്കുംകൂടി നാഴിപ്പാൽ വേണം. അതിനു് മാസം കുറഞ്ഞതു് 7½ രൂപായെങ്കിലും വേണം. ആ കാശുണ്ടെങ്കിൽ കുറഞ്ഞതു 15 കമ്പം റേഷൻ അരിയെങ്കിലും വാങ്ങാം. അതിനാൽ 'പാൽ നിരോധന ബിൽ' കൂടി ഞങ്ങൾ പാസ്സാക്കി.

കട്ടൻ കാപ്പി കുടി കഴിഞ്ഞു് ഞാൻ അല്പം നടക്കാനിറങ്ങി. ഒരു പ്രൈമറി സ്കൂൾ വാദ്ധ്യാർക്കു് ഒഴിവു ദിവസങ്ങളിൽ അതല്ലാതെ പിന്നെ തൊഴിലൊന്നുമില്ലല്ലോ. ട്യൂ ഉണ്ടായിരുന്നുവെങ്കിൽ കൊച്ചു പിള്ളേരുടെ ചെവിക്കു പിടിച്ചെങ്കിലും സമയം കഴിക്കാമായിരുന്നു.

പുറത്തേയ്ക്കിറങ്ങിയപ്പോൾ തന്നെ ഒരാൾ വിളിച്ചു പറഞ്ഞു, "അപ്പാ, മിഠായികൊണ്ടു വരണം." അപ്പോൾ മറ്റൊരാൾക്കു് ബലൂണാണു് വേണ്ടതു്. അപ്പോഴേ തീരുമാനിച്ചു ഇന്നു് ശുഭമല്ലെന്നു്.

സാവധാനം ഞാൻ സ്ഥലത്തെ മെയിൻ റോഡിൽ എത്തിച്ചേർന്നു. ഒരു 'സ്പെഷ്യൽ ചായ' കുടിക്കണമെങ്കിൽ കുറഞ്ഞതു് ഒരു മൈലെങ്കിലും നടക്കണം. വാഹന ഗതാഗതം വർദ്ധിച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ മെയിൻ റോഡിൽകൂടി നടക്കണമെങ്കിൽ കണ്ണും മൂക്കും പൊത്തണം.

ഞാൻ സ്ഥലത്തെ പ്രധാന ദിവ്യരും പണക്കാരനുമായ ചക്രപ്പണിക്കരുടെ ജൗളിക്കടയിൽ ചെന്നു കയറി. എന്നെക്കണ്ടപ്പോൾ തന്നെ അവിടെ കൂടിയിരുന്ന പലരും ബഹുമാനത്തോടെ "വരണം മാഷേ, വരണം" എന്നു് സ്വാഗതമരുളി. അവരെല്ലാവരുംതന്നെ മേശപ്പുറത്തു കിടക്കുന്ന 'മാതൃഭൂമി'യിൽ ദൃഷ്ടിയുറപ്പിച്ചിരിക്കുകയാണു്. പൈസ മുടക്കാതെ പത്രം വായിക്കുന്നവരിൽ ഒരു പ്രധാന സ്ഥാനം നമുക്കുമുണ്ടു്. കാശു കൊടുക്കാൻ മടിച്ചിട്ടല്ല. ആകെ ഒരു മാസത്തിൽ 79 രൂപാ കിട്ടുന്ന ഒരു അദ്ധ്യാപകൻ. (അഞ്ചു് പെൺകുട്ടികളും രണ്ടു് ആൺകുട്ടികളും ഭാര്യയും അപ്പനും അമ്മയും അയാളും ഉൾപ്പെടെ 11 അംഗങ്ങൾ അയാളുടെ കുടുംബത്തിലുണ്ടു്.) സർവ്വ ചെലവും കഴിച്ചു് വരുമ്പോൾ പത്രം വാങ്ങാൻ എവിടുന്നാണയാൾക്കു് പണം കിട്ടുക? ദയയില്ലാത്ത ദൈവം തനിക്കു പെൺകുട്ടികളെ അഞ്ചെണ്ണത്തിനെയാണു് തന്നിരിക്കുന്നതു്. അവ

---

കരണം മൂലം സംജാതമാകുന്ന പുതിയ പരിതഃസ്ഥിതികളെ നിശ്ചയദാർഢ്യത്തോടെ അഭിമുഖീകരിക്കാനും അതിനെ ശരിയായ പന്ഥാവിലേക്കു് നയിക്കുവാനും സംസ്കാരസമ്പന്നമായ ഒരു ജനതയില്ലെങ്കിൽ ഒരു പക്ഷേ ഗുണത്തേക്കാളേറെ ദോഷത്തെയായിരിക്കും നിരായുധീകരണം പ്രദാനം ചെയ്യുന്നതു്. മനുഷ്യനെ യാന്ത്രികമനുഷ്യനാക്കി മാറ്റുന്ന ഇന്നത്തെ വിദ്യാഭ്യാസരീതിക്കു്. എന്തിനധികം, ലോകത്തിനാകെ ഒരു സമൂലപരിവർത്തനംതന്നെ നിരായുധീകരണത്തോടൊപ്പം ഉണ്ടാകേണ്ടിയിരിക്കുന്നു.

റാകൾക്ക് ജംബറും പാവാടയും എല്ലാം വാങ്ങിച്ചു മുടിഞ്ഞു.

ഏതായാലും പത്രം വായിക്കാൻ എനിക്ക് ഔത്സുക്യം ഉണ്ട്. ഒരു കാരണവർ പറഞ്ഞു "എടാ പിള്ളേരെ, ആ പത്രം ഈ മാഷ്ടെ കയ്യിക്കൊടുത്തേ, ഒന്ന് ഒറക്കെ വായിക്കുലോ". എല്ലാവരും ആ അഭിപ്രായത്തെ അനുകരിച്ചു. ഇൻഡ്യാ-ചീനാ അതിർത്തി തർക്കത്തെപ്പറ്റിയുള്ള വാർത്തകളേ പത്രത്തിലുള്ളു. ഞാൻ പത്രം നിവർത്തി ഉറക്കെ വായന തുടങ്ങി "ആക്രമണങ്ങൾ ഉരത്തപ്പെടുന്നു. അതിർത്തിയിൽ ഉഗ്ര സംഘട്ടനം. ശത്രുക്കൾക്ക് കനത്ത ആൾ നാശം. ജാംഗ് പ്രദേശം ഇൻഡ്യൻ സേന തിരിച്ചെടുത്തു. വലോങ്ങിൽ ചീനക്കാർ പിന്മാറുന്നു" പലരുടെയും മുഖത്ത് സംതൃപ്തി കളിയാടുന്നുണ്ട്. ഒരു കാരണവർ പറഞ്ഞു, "നമ്മടെ കുട്ട്യോള് മിട്ക്കന്മാരാട്ടോ കുമാരാ". അതെന്നെ ഉദ്ദേശിച്ചായിരുന്നു. ഞാനും അത് സമ്മതിച്ചു. യുദ്ധത്തെപ്പറ്റി പലരും പല അഭിപ്രായങ്ങളും തട്ടി മൂളിക്കുകയാണ്. കുട്ടികൾക്കുള്ള മുറായിയും ബലൂണും മറ്റും വാങ്ങി ഞാൻ തിരിച്ചു.

പോകുന്ന വഴിക്കാണ് ആശാന്റെ വീട്. (നാണു ആശാൻ എന്നാണ് പേര്. എളുപ്പത്തിനു വേണ്ടി നാണു ആശാൻ ലോപിച്ച് ആശാൻ ആയതാണ്). ആശാനും ഭാര്യയും ഏകദേശം 21 വയസ്സ് പ്രായമായ അയാളുടെ മകളും മാത്രമേ അവിടെ താമസമുള്ളു. യുദ്ധത്തെപ്പറ്റി ആലോചിച്ചുകൊണ്ടായിരുന്നു ഞാൻ നടന്നത്. പെട്ടെന്ന് ഇടിമുഴക്കം പോലുള്ള ഒച്ച കേട്ടാണ് ഞാൻ ഉണർന്നത്. ആശാന്റെയും അന്തോണിയുടെയും വാക്കു തർക്കങ്ങളാണ് ഞാൻ കേട്ടത്.

അന്തോണി, ആശാന്റെ അയൽപക്കക്കാരനാണ്. അയാളും അയാളുടെ വയസ്സായ അമ്മയും മാത്രമേ അവിടെയുള്ളു. വിവാഹം രണ്ടു കഴിഞ്ഞെങ്കിലും രണ്ടും 'ക്ലസി' പ്പോയി. അന്തോണിക്ക് 4 മണി കഴിഞ്ഞാൽ ഒരു 'വാരുണീ സേവ' പതിവുണ്ട്. അതു കഴിഞ്ഞാൽ അന്തോണി ഈ ലോകത്തിലായിരിക്കുകയില്ല ജീവിക്കുന്നത്.

ഞാൻ അടുത്തെത്തിയപ്പോൾ ആശാൻ പറഞ്ഞു "ആ, ഇപ്പോ ഒരു കൊഴപ്പോം വേണ്ടല്ലോ. ദാ ആ മാഷ് വരണ്ട്. അങ്ങേര് പറയട്ടെ ഇതിന്റെ ന്യായം. അങ്ങേരും കൊറെ പഠിച്ചോനാണല്ലോ. ഇതു വല്യ മാഷാ. മാഷ് ഒന്ന് പറയു ഇത് തെറ്റാണോ അതോ ശര്യാണോ എന്ന്. ആര്ടെ ഭാഗം പറേണ്ട".

എനിക്ക് കാര്യം മനസ്സിലായില്ല. ഏതായാലും ഞാൻ ചെന്നു. ആശാൻ എന്നെ അന്തോണിയുടെ വളപ്പിനെയും ആശാന്റെ പറമ്പിനെയും വേർതിരിക്കുന്ന അതിർത്തിയിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെ അന്തോണി ഒരു വെട്ടുകത്തിയുമായി രൗദ്രഭീമനെപ്പോലെ നില്പുണ്ട്. അതു കണ്ടപ്പോഴേ എന്റെ ആത്മാവ് പമ്പ കടന്നു. ഏതായാലും സംഗതി കുഴപ്പമാണെന്ന് ഞാൻ തീരുമാനിച്ചു. രാവിലെ തന്നെ 'വാരുണീ സേവ' നടത്തിക്കാണുകയില്ലെന്നുള്ള ആശ്വാസത്തോടുകൂടി ഞാൻ അവരുടെ അതിർത്തിയെ സമീപിച്ചു. അപ്പോൾ ആശാൻ തന്റെ അപ്പീൽ ബോധിപ്പിച്ചു. "മാഷ്ഷേ മാഷൊന്ന് നോക്കു. ഈ പത്ത്ല് ഇട്ടിരിക്കുന്നത് ശര്യോ അതോ തെറ്റോ. ദാ ആദ്യം ഒരു പത്ത്ല് ഇവിട്യാ. ഇപ്പോ ഇട്ടത് ഇവിട്യാ. ഇതു ശര്യാണോ തെറ്റാണോ?"

"അതുതന്നെ ങ്ങ്ളു് ഒന്ന് പറേൻ മാഷ്ഷേ. അവന്റെ അപ്പൂപ്പന്റെ കാലത്തും ഇവ്ടെ ഒരു കൊഴപ്പോം ഉണ്ടായിട്ടില്ലല്ലോ. അന്നും ങ്ങിട്ട് പത്ത്ല് ഇടാറൊണ്ട് ട്ടോ. അപ്പോ ഒന്നുംതന്നെ പറ്യാറില്ല. ങ്ങ്ളു് ഒന്ന് പറേൻ" അന്തോണിയും അപ്പീൽ ബോധിപ്പിച്ചു. ഞാൻ ഒരു കുറ്റാന്വേഷകൻ കാല്പാടുകൾ പരിശോധിക്കുന്നതു പോലെ അതി ശ്രദ്ധയോടുകൂടി എല്ലാം പരിശോധിച്ചു. ഞാൻ നോക്കിയപ്പോൾ ന്യായം ആശാന്റെ ഭാഗത്താണ്. പക്ഷെ അങ്ങനെ പറഞ്ഞാൽ അന്തോണിയുടെ വെട്ടുകത്തിയുടെ മൂർച്ച ചിലപ്പോൾ തിരിഞ്ഞെന്നു വരും. ഏതായാലും വരുന്നതുവരട്ടെയെന്ന് വിചാരിച്ചും "സത്യം ബ്രഹ്മമയം" എന്ന തത്വം മനസ്സിൽ വച്ചുംകൊണ്ട് ഞാൻ വിധി പ്രസ്താവിച്ചു. ഇത് ഗുരുതരമായ ഒരു അതിർത്തിത്തർക്കമാകയാൽ ഞാൻ ആലോചന നടിച്ചുംകൊണ്ട് പറഞ്ഞു. "അന്തോണ്യാപ്പ പത്ത്ല് കുറച്ച് കേറ്റ്യാ ഇട്ടിരിക്കുന്നത്".

## SOCCER TEAM



Sitting on floor (L. to R.) Beshir ; Paul

Sitting (L. to R.): Mr. C. P. Andrews, B. A., D. P. E. (Lecturer in Physical Education ; Ninan (Captain) ; Dr. P. M. Mathai (Principal) ; Mrs. Padmavathi Kunjamma B. A., D. P. E. (Physical Directress) ; Mr. C. T. Benjamin, M. A., M. R. E. (President).

Standing 1st Row (L. to R.) : Sunny ; Sumsudhin ; Philip Modayil ; Babu ; Boobily ; Abdul Salam ; Thampy ; Aniyan ; Fasul ; Koshy.

2nd Row (L. to R.): Supren ; Mammed (Games Boys).

**College Tennis Team 1962—'63.**



Abraham Varghese (Captain) and Thomas Mathew M.



"I touch by the edge of the far spreading wing of my song Thy feet which I could never aspire to reach."

MARY JACOB,
Cl. II Philosophy.

# വസന്താണി

(SUSHILA THAMPI, Class II Chemistry)

ശുഭ്രമാമംബര വീഥിയിങ്കൽ മണി-
മുത്തെഴും സഞ്ചി കമഴ്ത്തിയാരോ...
ശാരദമേഘ മണിത്തേരതിലേറി-
ത്താരകാ നാഥനും വന്നണഞ്ഞു.
വാതറൊറാരംബുദക്കീറുകൾ മാരിവിൽ-
ച്ചേലാന്ന ചിത്രങ്ങളാരചിച്ചു.
ഓമൽക്കിനാക്കളെപ്പൂവണിയിച്ചിട്ടും
കാമിതകോമളപ്പൂവസന്തം
ആഗതയായ്തീൻ സന്ദേശമെന്നപോ-
ലുതി പരഭൃതം കാഹളങ്ങൾ.
പുല്ലാങ്കുഴലൊലി പൊങ്ങി മുളങ്കാട്ടിൽ;
ദ്യോവില്ലയന്നാ മധുരനാദം
പഞ്ചവർണ്ണക്കിളിയെതുനിന്നോ വീണ്ടും
സഞ്ചരിച്ചെത്തി വിൺഗാനവുമായ്
മരതകപ്പച്ച വിരിപ്പാണന്നാരക്കന്നിൻ
ചരിവിലെക്കൊച്ചു തരുപ്പടപ്പിൽ

---

എന്റെ പ്രതിക്ഷ അസ്ഥാനത്തായില്ല. പക്ഷെ വെട്ടുകത്തി ചലിച്ചില്ല. അന്തോണിമാപ്പിളയുടെ നാവാകുന്ന അസ്ത്രം ചലിച്ചു തുടങ്ങി.

"താനെവിടത്തെ മാഷാടോ? അയാക്കടെ ഞായം. ഞാൻ പത്ത്ല് ഇട്ടിരിക്കണതു് തെററാത്രെ. എന്താടോ തനിക്കവിടെ ബല്ല മെന്നോ ഒണ്ടോ. അതോ അയാക്കടെ പെണ്കൊച്ചിനെ തനിക്ക് കെട്ടിത്തരാന്നു് പറഞ്ഞിട്ടുണ്ടോ?" ഇങ്ങനെ നീണ്ടുപോയി അയാളുടെ കഥാപ്രസംഗം. ഞാൻ ചെവി പൊത്തി നിന്നതേയുള്ളു. ആശാനും ഒട്ടും കുറയുന്നില്ല. പാവം ഞാൻ കാരണം ആ പെൺകുട്ടിക്കും കൂടി ഇതു് കേൾക്കേണ്ടി വന്നല്ലോ എന്നോർത്തപ്പോൾ എനിക്ക് സങ്കടം വന്നു. ആ വെട്ടുകത്തി പ്രവർത്തനം തുടങ്ങുന്നതിനു് മുമ്പായി എങ്ങനെയെങ്കിലും തടിതപ്പാൻ ഞാൻ വഴിനോക്കുന്നതിനിടയ്ക്കു് ഒരു വലിയ കട്ട വന്നു് എന്റെ പുറത്തു വന്നു വീണു. ഞാൻ മുട്ടു കുത്തിപ്പോയി ഞാൻ തപ്പിപ്പിടഞ്ഞു് എഴുന്നേററു നോക്കിയപ്പോൾ അന്തോണി രണ്ടാമതൊരു കട്ടയ്ക്കു് വേണ്ടി തപ്പുകയാണു്. അതും എന്റെമേൽ താണ്ഡവമാടുവാൻ കാത്തു നില്ക്കാതെ ഞാൻ ജീവനും കൊണ്ടു് സ്ഥലം വിട്ടു. വീട്ടിൽ ചെന്നതിനു ശേഷമേ ഞാൻ തിരിഞ്ഞു നോക്കിയുള്ളു. അപ്പോഴും അയാൾ വിളിച്ചു പറയുന്നുണ്ടു് "ഹൊ അയാളൊരു മാഷ് വന്നേക്കണതു് ഞായം പറയാൻ. പിന്നേയ്, അന്തോണ്യോടിതൊന്നും പറവല്ലാട്ടോ. അതൊക്കെ തന്റെ പെമ്പറന്നോരടെ വീട്ടില്. ഹാ, ഞാൻ കായംകുളം അറിഞ്ഞു കളേം. പറഞ്ഞേക്കാം. ഇപ്പ നടക്കണേലും ബെല്യയുതം ഇബടെ അങ്ങ്ട് നടക്കം ഹാ. ഞാൻ പറഞ്ഞേക്കാം". ഇതു കേട്ടപ്പോൾ അയാൾ ഇപ്പോഴത്തെ യുദ്ധത്തെപ്പററിയും അറിയുന്നവനെന്നു് അറിഞ്ഞതിൽ ഞാൻ സന്തോഷിച്ചു.

ഒരു വിധത്തിൽ വീട്ടിലെത്തി ഞാൻ ആ തിണ്ണയിലങ്ങു വീണു. വായ് പൊളിച്ചു് കുറെ വായു ശ്വസിച്ചു. കുട്ടികളിലൊന്നിനോടു് ഒരു രണ്ടു കിണ്ടി നിറയെ പച്ച വെള്ളം വാങ്ങിക്കുടിച്ചു. അപ്പോൾ ഒരുത്തന്നു് മിഠായി വേണം. മറെറാരുത്തനു് ബലൂൺ വേണം. ഞാൻ പോക്കററിൽത്തപ്പി. ഭാഗ്യവശാൽ ബലൂണൊഴിച്ചു് ബാക്കിയെല്ലാം (കുറച്ചു കാശും ഉണ്ടായിരുന്നു.) നഷ്ടപ്പെട്ടു. ബലൂൺകാരനു് സന്തോഷമായി. മിഠായിക്കും കാശിനും വേണ്ടി തിരിച്ചു പോകുവാൻ എന്റെ ധൈര്യം എന്നെ അനുവദിച്ചില്ല. കാരണം ചിലപ്പോൾ ആ വെട്ടുകത്തി പ്രവർത്തനം ആരംഭിച്ചുവെങ്കിൽ തലതാഴ്ത്തുന്നതന്നെ അടയാളം. ഏതായാലും എനിക്ക് ആയുസ്സു് കൂടുതലുണ്ടെന്നു് സമാധാനിച്ചു. അല്ലെങ്കിൽ അന്തോണിക്ക് വെട്ടുകത്തിയെടുത്തു് പെരുമാറാൻ വയ്യായിരുന്നോ? ഇതൊന്നും വേണ്ട അന്തോണി എറിഞ്ഞ കട്ട എന്റെ തലയിലാണു് വീണതെങ്കിൽ......നാരായണാ... നാരായണ......നാരായണ......

# വിളക്കുണ്ട്; പ്രകാശമില്ല

(T. R. LALITHA DEVI, U. P. class, Batch C).

അവർ നടന്നകന്നു കഴിഞ്ഞിട്ടും സീത യാതൊരു ലക്ഷ്യവുമില്ലാതെ വിദൂരതയിലേക്കു നോക്കിക്കൊണ്ടിരുന്നു. നെൽച്ചെടികളെ നൃത്തം വയ്പിച്ചുകൊണ്ട് കടന്നുപോയ നേർത്ത കാററിൽ, അവളുടെ സാരിത്തുമ്പു പാറന്നു കളിച്ചു.

ശാന്തവും സുന്ദരവുമായ ഒരു സായാഹ്നമായിരുന്നു, അതു്. ഇരുട്ടിന്റെ കനത്തമൂടുപടം ഇനിയും വീണുകഴിഞ്ഞിട്ടില്ല. സ്വർണ്ണനിറമുള്ള പോക്കുവെയിലിൽ, മുങ്ങിനിൽക്കുന്ന ആ കൊച്ചു നാട്ടിൻപുറത്തിന്റെ ഭംഗി അവർണ്ണനീയമായിരുന്നു. എന്നാൽ,

---

മധുര സ്വപ്നങ്ങളൊഴുകിയലതല്ലി
മധുവാണിതൻ വീണാലാപം പോലെ.
മഞ്ഞിൽ ജീർണ്ണിച്ച തൽപ്പച്ചോല മാററി നൽ
പച്ച വില്ലീസു ഞൊറിഞ്ഞുടുത്തു
പാറിപ്പറന്നിട്ടും കാർ വളർ കുന്തളിൽ-
ത്തൂമലർ മാല്യമിണച്ചാർത്തി
സ്വപ്നലോകത്തിലെക്കിന്നരകന്യപോ-
ലെത്രമേൽ ചാരുതയാർന്നു പ്രകൃതി!
ഭവ്യശീലയവൾ ഗർവ്വിതയായേറാം
നവ്യത നൽകിയ പട്ടുടുപ്പിൽ
കാഞ്ചനക്കോവിലിൻ ദേവതയായവൾ
കാന്തിയുടലാർന്നു ലാലസിച്ചു.

* * *

അഞ്ജനലിപ്തകരിമിഴിക്കോണിനാൽ
മഞ്ജുള ദീപ്തികൾ തൂകിത്തൂകി
നവ്യോപഹാരവുമേന്തി മന്ദം മന്ദം
ദിവ്യാതിഥിയവളാഗമിക്കെ,
സ്വർല്ലോക കാന്തികൾ തോഴിമാരായെത്തി
കല്യാണഗാത്രിയെസ്സേവിച്ചിടാൻ
തങ്കത്തരിവളത്താളമേളത്തോടെ
നർത്തനമാടും വസന്തറാണീ!
നൂറുനൂറായിരം തൂമണി വീണകൾ
നിന്നപദാനങ്ങളാലപിപ്പൂ.
നിൻ കടാക്ഷാസ്ത്രങ്ങളേറ്റു വിവശരാ-
യാനന്ദമത്തരാം പൂങ്കാവുകൾ,
ചെമ്മേ മുകുളിതം ലോലമാം കൈകളാ-
ലഞ്ജലികൂപ്പുന്നു പൂഞ്ചില്ലകൾ.
നീലമനോഹരശംഖുപുഷ്പങ്ങളോ
നൂതനസന്ദേശമേന്തി നില്പൂ.
പാരിജാതം തൻ പരിമളധോരണി
പാരം ചൊരിഞ്ഞു പരിതൃപ്തയായ്.
വെൺ പൂവുകൾ ചൂടിച്ചാഞ്ചാടിയാടുന്നു
കൺകവർന്നിടുന്ന കുന്ദവല്ലി.
മുന്നാഴി സൗരഭം തൻ പൊൻചഷകത്തി-
ലൊന്നിച്ചുനീട്ടുന്നു കൊച്ചു റോസ.
പരിശുദ്ധ മോഹനച്ചിറകം വിടർത്തിക്കൊ-
ണ്ടൊരുപറ്റം തുമ്പികളോടിയെത്തി
മുത്തമിട്ടോമനിച്ചാപ്പിഞ്ചുപൂക്കളെ-
യുത്തുംഗമോദേന താലോലിപ്പൂ.
വെഞ്ചാമരങ്ങൾ വിടുർത്തുന്നായെങ്ങും
താർമഴതൂകുന്ന മാമരങ്ങൾ
ചേലിൽ കണിക്കൊന്ന തോരണം തൂക്കവേ
ചെണ്ടുകൾ ചൂടുന്ന മാന്തോപ്പുകൾ
പുത്തൻ കുട്ടക്കണ്ണണിഞ്ഞൊരുങ്ങിടുന്ന
മുററത്തെത്തുളസിത്തറയിലും
അച്ഛസ്ഫടിക സങ്കാശമാം വാപിയി-
ലാമ്പലമൊട്ടുകൾ പുഞ്ചിരിക്കെ,
പ്രേമവിപഞ്ചിക മീട്ടി നളിനിയി-
ലുന്മാദമത്തരളികലങ്ങൾ
ഓമൽത്തടിനി തരളയായിത്തിരി
ഓടിക്കളഞ്ഞിരുന്ന കാണ്മൂ
എങ്ങുമിലാവണ്യനുമദിരോത്സവ-
മെങ്ങുമത്യാഹ്ലാദ കോലാഹലം!

* * *

നന്ദന കാനനമാക്കിയക്ഷണനാൽ
പാഴ്ഭൂമിയും നീ കുളിർക്കിനാവേ!
മന്നിനെ ധന്യമാക്കിടും നിന്നാഗമം
മുന്നം ഭവിച്ചിടാൻ കാത്തിരിപ്പൂ.
കീഴടങ്ങൊല്ല നീ വാസന്തദേവതേ!
ഘോരനാം ഗ്രീഷ്മാസുരന്റെ വേഗാൽ.

തന്റെ ചുററുപാടുമുള്ള അസുലഭമായ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനൊന്നും സീത ഉന്നിഞ്ഞില്ല. അവൾ അത്ഭുതത്തോടെ ആലോചിക്കുകയായിരുന്നു :—

ലില എത്രത്തോളം മാറിയിരിക്കുന്നു!

ചിരിച്ചു ബഹളംകൂട്ടി ഓടിനടന്നിരുന്ന പണ്ടത്തെ ആ വെളുത്തു മെലിഞ്ഞ പെണ്ണല്ല, ഇന്നവൾ. അടക്കവും ഒതുക്കവുമുള്ള പ്രൗഢയായ ഒരു സ്ത്രീ. ഒരുപക്ഷേ, അതിൽ അത്ഭുതപ്പെടാനൊന്നുമില്ലായിരിക്കാം. കാരണം, അവൾ ഒരു ഭാര്യയാണ് —ഒരു അമ്മകൂടിയാണ്.

'അമ്മേ!' എത്ര മനോഹരവും, ദിവ്യവുമായ പദം! ഒരു കുഞ്ഞിന്റെ 'അമ്മേ' എന്നുള്ള വിളി കേൾക്കാൻ- ആ കുഞ്ഞിക്കവിളുകളിൽ ആർത്തിയോടെ ഒരായിരം ചുംബനങ്ങൾ അർപ്പിക്കാൻ—ഹൃദയം ചിലപ്പോൾ ദാഹിക്കാറുണ്ട്. പക്ഷേ, തകർന്നടിഞ്ഞ പ്രതീക്ഷകളുടെ ശവകല്ലറമേൽ വീണുകിടന്നു കരയാൻ മാത്രമേ, ഇന്നു തനിക്കു കഴിയുകയുള്ളൂ. ലില ഇന്നെന്തിനാണ് തന്നെക്കാണാൻ വന്നതു്? കാച്ചുകാലമായി മറന്നുകിടന്നിരുന്ന ആ ദുഃഖനിമഗ്നങ്ങളായ പഴയ കാലങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുവാൻ മാത്രം.

ലില! അവൾ എത്ര ഭാഗ്യവതിയാണ്! സ്നേഹസമ്പന്നനായ ഒരു ഭർത്താവും, ഓമനക്കുഞ്ഞും. ഒരു സ്ത്രീക്ക് ഇതിൽ കൂടുതൽ എന്താണു വേണ്ടതു്? അവളുടെ സംതൃപ്ത സുന്ദരമായ കുടുംബജീവിതം കാണുമ്പോൾ മനസ്സിൽ ഒരു നേരിയ വേദന തോന്നുകയാണ്.

പണ്ട്—

മൂകതനിറഞ്ഞ മധ്യാഹ്നങ്ങളിൽ, വീട്ടിന്റെ വടക്കുവശത്തുള്ള മുളംകൂട്ടങ്ങളേയും നോക്കിയിരുന്ന് എന്തെല്ലാം സ്വപ്നങ്ങൾ പടുത്തുയർത്തിയിരുന്നു! ഏകാന്തതയുടേതായിരുന്ന ആ നിമിഷങ്ങളാണ് ജീവിതത്തിലെ ഏററവും വലിയ സുഖം പ്രദാനം ചെയ്തിട്ടുള്ളതു്.

(അല്ലെങ്കിലും, ഒരിക്കലും കാണാനോ, അനുഭവിക്കാനോ കഴിയാത്ത ഒരു സങ്കല്പസ്വർഗ്ഗത്തെക്കുറിച്ച്, സ്വപ്നം കാണുക എന്നതല്ലേ, മനുഷ്യന്റെ ജീവിതത്തിലെ ഏററവും വലിയ സുഖം?)

മഴവില്ലിന്റെ വർണ്ണശബളിമയുള്ള ഒരു ലോകം ഒരിക്കലും വിഭാവന ചെയ്തിരുന്നില്ല. ആഗ്രഹമില്ലാഞ്ഞിട്ടായിരുന്നില്ല. തന്നെ സംബന്ധിച്ചിടത്തോളം ആ ലോകം കയ്യെത്താത്ത ദൂരത്തിലുള്ള ഒന്നാണെന്നറിയാമായിരുന്നു. പക്ഷേ, ജീവിതം മുഴുവൻ കനത്ത അന്ധകാരത്തിലാണ്ടുകഴിയുന്ന, വേദനിക്കുന്ന മനുഷ്യജീവികളുടെ ഇടയിൽ, ഒരു തുള്ളി വെളിച്ചവുമായി കടന്നുചെല്ലാൻ താൻ ആഗ്രഹിച്ചിരുന്നു. വെറും മൺതരികൾ കൊണ്ടു മാത്രം പടുത്തുയർത്തിയതായിരുന്ന ആ സ്വപ്നങ്ങൾ തകർന്നടിഞ്ഞിട്ട് എത്രയോ കാലമായി! നിത്യദുഃഖത്തിന്റെ മൂകപ്രതിമയായി താൻ മാറിക്കഴിഞ്ഞിരിക്കുന്നു.

ഓർക്കരുതെന്ന് എത്ര വിചാരിച്ചിട്ടും, ആ പഴയ കാലങ്ങളുടെ ഏടുകൾ ഒന്ന് മറിച്ചുനോക്കാതിരിക്കാൻ, സീതക്കു കഴിഞ്ഞില്ല. അവൾ ആലോചിക്കുകയായിരുന്നു.

ജീവിതത്തിന്റെ ഇരുളടഞ്ഞ വഴിത്താരയിൽ, എന്തു ചെയ്യണമെന്നറിയാതെ, നിസ്സഹായയായ —നിഷ്കളങ്കയായ—ഒരു പെൺകുട്ടി നില്ക്കുന്നു. സ്നേഹത്തിന്റെ ഒരു തുള്ളിക്കു വേണ്ടി അവൾ ദാഹിച്ചുപൊരിഞ്ഞു. പക്ഷേ, ചുററുപാടും നിന്നവർ ആർത്തുചിരിക്കുകമാത്രം ചെയ്തു. നീളം കുറഞ്ഞ ചുരുളൻമുടിയും, നീണ്ട നനവാർന്ന മിഴികളും ഉള്ള ആ പെൺകുട്ടി താൻ തന്നെയായിരുന്നുവല്ലോ. എല്ലാവരേയും, എല്ലാററിനേയും സ്നേഹിച്ചിരുന്ന ആ പഴയ കൊച്ചുസീത ഇന്നില്ല. സ്വന്തം ആത്മാർത്ഥത ജീവിതത്തിന്റെ പരാജയത്തിന് ഒരു കാരണമായിത്തീർന്നപ്പോൾ, മനസ്സിന്റെ മൃദുലവശങ്ങൾ പരുക്കനാക്കിത്തീർക്കാൻ താൻ നിർബ്ബന്ധിതയായി.

'കലാലയജീവിതം ഓരോ മനുഷ്യന്റേയും ജീവിതത്തിലെ, ഒരിക്കലും മറക്കാനാവാത്ത, ആഹ്ലാദകരമായ ഒരു അദ്ധ്യായമാണ്.' പലരുടെയും നാവിൽനിന്നും വീണുകേട്ടിട്ടുള്ള ഒരു അഭിപ്രായമാണിതു്. എന്നാൽ ആ അഭിപ്രായം മാററിയെഴുതേണ്ടിവരുമെന്നു തോന്നുന്നു. കാരണം, അതു് തെററാണെന്ന് സ്വന്തം അനുഭവം തെളിയിച്ചിരിക്കുകയാണ്.

ആയിരമായിരം പ്രതീക്ഷകളോടു കൂടിയാണ്, ആദ്യമായി കോളേജിലേക്കു പ്രവേശി

ച്ചതു്. എല്ലാവരെയും സ്നേഹിക്കണമെന്നും എല്ലാവരാലും സ്നേഹിക്കപ്പെടണമെന്നും താനാഗ്രഹിച്ചു. പക്ഷേ ഫലം നേരേ മറിച്ചായിരുന്നു. കാണാൻ വിരൂപമായിരുന്നില്ല. എന്നുള്ളതായിരുന്നു, തന്റെ ഏററവും വലിയ തെററു്. അതു് ഒരിക്കലും തിരുത്തപ്പെടാനാവാത്ത ഒരു തെററായിരുന്നുതാനും. സ്വന്തം അഭിപ്രായങ്ങൾ മടിക്കൂടാതെ, എവിടെയും തുറന്നുപറയാൻ, അന്നൊക്കെ തനിക്കു സാധിച്ചിരുന്നു. കുറെയേറെ ശത്രുക്കളെ സമ്പാദിക്കുവാൻ മാത്രമേ, അതു് ഉപകരിച്ചുള്ളു.

തന്റെ കാമുകന്മാരാണെന്നു്, പറയപ്പെട്ടിരുന്നവരുടെ ഒരു നീണ്ടപട്ടിക, മനസ്സിലുണ്ടു്.

'വിജയകുമാർ! തന്റെയും ആ കുട്ടിയുടെയും പേരുകൾ കൂട്ടിച്ചേർത്തു്' എന്തെല്ലാം കഥകളാണു്, കോളജിൽ പ്രചരിച്ചിരുന്നതു്. ഒരു കാമുകനെ താൻ ഒരിക്കലും, വിജയനിൽ കണ്ടിരുന്നില്ല. എന്നുമെന്നും വിജയൻ തനിക്കു ഒരു സഹോദരൻ മാത്രം ആയിരുന്നു. വിജയൻ ഇപ്പോൾ എവിടെയാണോ ആവോ? വിവാഹിതനായി ഭാര്യയോടും, കുഞ്ഞുങ്ങളോടും കൂടി ഈ ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ സംതൃപ്തസുന്ദരമായ ഒരു ജീവിതം നയിക്കുന്നുണ്ടാവാം.

(വിജയാ! നിങ്ങൾക്കു നന്മവരട്ടെ! മുൻപ്, എല്ലാവരോടും, സീത എന്റേയാണു്, ഞങ്ങൾ തമ്മിൽ വലിയ പ്രേമമാണു്, എന്നു പറഞ്ഞുകൊണ്ടു് നടന്നിരുന്നപ്പോൾ, നിങ്ങൾ അറിഞ്ഞോ, അറിയാതെയോ ഒരു പാവപ്പെട്ട പെൺകുട്ടിയുടെ ജീവിതം നശിപ്പിക്കുകയായിരുന്നു.)

അങ്ങനെ എത്ര പേർ തന്റെ കാമുകന്മാരാണെന്നു് പറയപ്പെട്ടു? ഏതെങ്കിലും ഒരാൺകുട്ടിയോടു് സംസാരിച്ചാൽ, പിറേറദിവസം അയാൾ തന്റെ കാമുകനാണെന്നു്, എല്ലാവരും പറയുകയായി. എവിടെച്ചെന്നാലും പരിഹാസത്തിന്റെയും നിന്ദയുടെയും വാക്കുകൾ മാത്രമേ കേൾക്കുവാനുണ്ടായിരുന്നുള്ളു. സ്നേഹം നിറഞ്ഞ ഒരു വാക്കിനു് —ഒരു നോട്ടത്തിനു്—ഹൃദയം ദാഹിച്ചു പിടഞ്ഞു. പക്ഷേ, ഒരു കൊച്ചു ഹൃദയത്തിന്റെ വേദന ആരും മനസ്സിലാക്കിയില്ല. എല്ലാവരാലും കൈ ചൂണ്ടപ്പെട്ട, നിസ്സഹായയായ ഒരു പെൺകുട്ടിയുടെ ജീവിതത്തെപ്പററി ആരും ഓർത്തില്ല. അപവാദത്തിന്റെ തീച്ചൂളയിൽപ്പെട്ടു്, ഒരു ജീവിതം നീറിപ്പിടയുന്നതു് എല്ലാവരും നോക്കി നിന്നാനന്ദിച്ചു. പൈശാചികത്വം എന്നല്ലാതെ, ഇതിനു് മററു പേരാണു് നൽകേണ്ടതു്?

അബൂബക്കറേയും, കേശവക്കൈമ്മളേയും ഒരിക്കലും മറക്കാൻ സാധിക്കയില്ല. ഇരുനിറത്തിൽ മെലിഞ്ഞു നീണ്ടു്, കൈയിൽ ഒരു താക്കോൽക്കൂട്ടവും, കുറെ പത്രങ്ങളും ഫിലിംഫെയറുമായി നടക്കാറുള്ള അബൂബക്കർ—'സീതക്കു കഷണ്ടിയുണ്ടു്; മുടിക്കു നീളമില്ല' എന്നെല്ലാം പറയുമായിരുന്ന അബൂബക്കർ–

മററുള്ളവരിൽനിന്നും എന്തോ ഒരു പ്രത്യേകത തനിക്കു് ആ കുട്ടിയോടു് തോന്നിയിരുന്നു. 'എനിക്കൊരു ചേട്ടനുണ്ടായിരുന്നെങ്കിൽ, ഇങ്ങനെയിരുന്നേനേ' എന്നു് പലപ്പോഴും ആശിച്ചിരുന്നു. പിന്നെ, ഇടക്കിടക്കു് കാക്കയെപ്പോലെ കള്ളക്കണ്ണിട്ടു നോക്കുന്ന കേശവക്കൈമ്മൾ—ഉള്ളിൽ വെറുപ്പുണ്ടായിരുന്നെങ്കിലും, പുറമേ ഒരു നേരിയ സഹതാപം, അവർ രണ്ടുപേർ മാത്രം തന്നോടു് പ്രകടിപ്പിച്ചിരുന്നു. പക്ഷേ തനിക്കാവശ്യം സഹതാപമായിരുന്നില്ല. സ്നേഹമായിരുന്നു. എന്നാൽ, സ്നേഹത്തിന്റെ ലാളനയേററു് മനസ്സിലെ പുഷ്പം ഒരിക്കലും വിരിയുകയുണ്ടായില്ലല്ലോ.

ഓമനമകളെക്കുറിച്ചു് പരന്നിരിക്കുന്ന അപവാദങ്ങൾ തന്റെ മാതാപിതാക്കൾക്കു്, ഒരു വലിയ ആഘാതമായിരുന്നു. സ്വന്തം വിയർപ്പു വെള്ളമാക്കി സമ്പാദിച്ച പണം ചിലവഴിച്ചു് പഠിപ്പിക്കാനയച്ചിട്ടു്, മകൾ സമ്പാദിച്ചുകൊണ്ടുവന്നതു് ചീത്തപ്പേരു മാത്രമായിരുന്നു. തന്റെ കോളജ് വിദ്യാഭ്യാസം അതോടെ അവസാനിച്ചു. നാട്ടിൽ തന്നെച്ചുററി ഒരു വലിയ കൊടുങ്കാററു് തന്നെ അക്കാലത്തു് ആഞ്ഞടിച്ചിരുന്നു. ഒരു പക്ഷേ, വെറും ശത്രുതകൊണ്ടു് മാത്രം പറഞ്ഞുപരത്തിയ അപവാദങ്ങൾ, ഇത്ര വലിയ ഒരു സംഭവമായി പരിണമിക്കുമെന്നു്

തന്റെ സുഹൃത്തുക്കൾകൂടി വിചാരിച്ചിരുന്നിരിക്കയില്ല. എന്തായാലും ഉള്ളിന്റെ ഉള്ളിൽ പടുത്തുയർത്തിയിരുന്ന ആശകളുടെ ക്ഷേത്രത്തിൽ കൊളുത്തിവച്ചിരുന്ന ദീപം, ആ കൊടുങ്കാററിൽപെട്ട് അണഞ്ഞുപോയി.

സ്വന്തം നിരപരാധിത്വം ആരുടെ മുമ്പിലും തെളിയിക്കാൻ സാധിച്ചില്ല. കരയാനുള്ള ശക്തികൂടി നശിച്ചുപോയിരുന്നു. ആരെയും അധികം വിശ്വസിക്കരുതെന്ന്—സ്വന്തം നിഴലിനെ കൂടി ഭയപ്പെടണമെന്ന്—അപ്പോൾ മാത്രം പഠിച്ചു. നാട്ടുകാരുടെയും, വീട്ടുകാരുടെയും പരിഹാസ വചനങ്ങളും, കുത്തുവാക്കുകളും കേട്ടപ്പോഴും തികഞ്ഞ നിർവ്വികാരത പ്രകടിപ്പിക്കാൻ താൻ ശ്രമിച്ചു.

ഇരുളടഞ്ഞ സ്വന്തം ഭാവിയിലേക്ക് നോക്കി നെടുവീർപ്പിട്ടുകൊണ്ട്, എത്രനാൾ തള്ളിനീക്കി! ജീവിതത്തിൽ ആശിക്കാനോ, നഷ്ടപ്പെടാനോ യാതൊന്നും ഉണ്ടായിരുന്നില്ല. തന്റെ ജീവിതം അതിന്റെ എല്ലാ നിർവ്വികാരതയോടും കൂടി മുന്നോട്ട് ഉരുണ്ടുപോകമായിരുന്നു. പക്ഷേ, ബാബു! ആശയുടെ നേരിയ കിരണങ്ങളുമായി താങ്കൾ, ഈ നിർഭാഗ്യവതിയുടെ ഇരുളടഞ്ഞ ജീവിതത്തിലേക്ക് എന്തിന് കടന്നു വന്നു?

ഇന്ന് പലപ്പോഴും ഏകാന്തതയിൽ, മനസ്സിന്റെ മാറാലപിടിച്ച ഒരു കോണിൽ നിന്നും, താങ്കളുടെ രൂപം ഉയർന്നുവരാറുണ്ട്. മഷിയെഴുതിയതാണോ എന്നു തെററിദ്ധരിപ്പിക്കാനുതകുന്ന കറുത്ത കണ്ണുകളും, കൊച്ചുകുട്ടികളുടേതുപോലെ നിഷ്കളങ്കവും മനോഹരവുമായ ഒരു ചിരിയുമായി താങ്കൾ വീട്ടിലേക്ക് വന്ന ദിവസം ഇപ്പോഴും ഓർമ്മയിലുണ്ട്. നോവലിലെ കഥാനായികമാരെപ്പോലെ പ്രഥമദർശനത്തിൽതന്നെ ഹൃദയം ബാബുവിനു കാഴ്ച വച്ചില്ല. എങ്കിലും ആ സുന്ദരമായ ചിരി കണ്ടപ്പോൾ—അതു് ബാബുവിന്റെ മാത്രം പ്രത്യേകതയായിരുന്നു—എന്തോ ഒരു പ്രത്യേക സ്നേഹം തോന്നി.

ഒരുപക്ഷേ, ബാബുവല്ല വേറെ ആരായിരുന്നാൽതന്നെയും, സ്നേഹം തോന്നുമായിരുന്നിരിക്കണം. കാരണം, താനന്നു പഴയ സീതയായിരുന്നില്ല. മനസ്സിന്റെ എല്ലാ ജാലകങ്ങളും തുറന്നിട്ട് കാത്തിരിക്കുകയായിരുന്നു. ആർക്കും അവിടെ പ്രവേശനമുണ്ടായിരുന്നു.

എന്തായാലും വിവാഹാലോചനയുമായി ബാബു വന്നപ്പോൾ, മകളെ എങ്ങിനെയെങ്കിലും ഇറക്കിവിടാമല്ലോ എന്നോർത്ത്, അച്ഛനമ്മമാരും സന്തോഷിച്ചു. കഴിഞ്ഞതെല്ലാം മറന്ന് ഒരു പുതിയ ജീവിതം നയിക്കാമെന്ന്—അതേവരെ പൊഴിച്ച കണ്ണീർത്തുള്ളികൾ സുഖത്തിന്റേതായ ഒരു മാലകോർക്കാമെന്ന്—താനും വ്യാമോഹിച്ചു. പക്ഷേ, എല്ലാ പ്രതീക്ഷകളും തകർത്തുകൊണ്ട്, ബാബു പറഞ്ഞു 'പെൺകുട്ടിയുടെ സ്വഭാവം മോശമാണെന്ന് കേൾക്കുന്നുണ്ട്. അതുകൊണ്ട്, എനിക്കിതിന് സമ്മതമില്ല'.

എന്നിട്ടും താൻ ജീവിച്ചു. ഇപ്പോഴും ജീവിക്കുന്നു. അച്ഛന്റെ ശ്രമംകൊണ്ടാണ്, ഈ ശാന്തമായ നാട്ടിൻപുറത്തെ, കൊച്ചുസ്കൂളിൽ ഒരു ജോലി കിട്ടിയതു്. വീട്ടും നാട്ടുമായുള്ള തന്റെ ബന്ധത്തിന്റെ കണ്ണികളെല്ലാം ഈ കഴിഞ്ഞ ആറുവർഷങ്ങൾകൊണ്ട് അററുപോയിരിക്കുന്നു. ആ പൊട്ടിയ ഇഴകൾ, ഏച്ചുകെട്ടാതിരിക്കുകയാണ് നല്ലത്.

മററുള്ളവരുടെ കണ്ണിൽ സീത സംതൃപ്തയാണ്. ഒരു നല്ല ജോലിയുണ്ട്. ബാദ്ധ്യതകളൊന്നുമില്ല. പിന്നെ, ദുഃഖത്തിനു വഴിയെവിടെ?

"അതേ! എന്റെ കണ്ണിൽ വിളക്കുണ്ട്; പക്ഷേ പ്രകാശമില്ല" നിറഞ്ഞ കണ്ണുകൾ ഒപ്പിക്കൊണ്ട് സീത മെല്ലെ പറഞ്ഞു.

# പാരമ്പര്യവും സാഹചര്യവും–സ്വഭാവ രൂപവല്ക്കരണത്തിൽ

(ശ്രീകുമാരി III ഫിലോസഫി)

മനുഷ്യർ വിഭിന്ന സ്വഭാവക്കാരാണ്. ഒരേ പാരമ്പര്യത്തിൽപെട്ടവരാണെങ്കിലും, ഒരേ സാഹചര്യത്തിൽ വളരുന്നവരാണെങ്കിലും സ്വഭാവ രൂപവൽക്കരണത്തിന്റെ കാര്യത്തിൽ ഓരോ മനുഷ്യനും മറ്റുള്ളവരിൽ നിന്ന് തികച്ചും വിഭിന്നമായ, സ്വതന്ത്രമായ ഒരു നിലപാടാണ് സ്വീകരിക്കാറുള്ളത്. അതുകൊണ്ടുതന്നെ വൈരുദ്ധ്യങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. മനുഷ്യ സ്വഭാവങ്ങളുടെ ഈ വൈരുദ്ധ്യത്തിന് നിദാനമെന്താണ്? ജന്മനാ അവരിൽ അന്തർലീനമായിരിക്കുന്ന ഏതെങ്കിലും പ്രത്യേകതകളാണോ, അതോ, പരിസരങ്ങൾക്കനുസൃതമായി മനുഷ്യൻ രൂപപ്പെടുത്തുന്നതോ, സ്വയം രൂപപ്പെടുന്നതോ ആയ സ്വഭാവ വിശേഷങ്ങളാണോ? പല ചിന്തകന്മാരുടെയും മനശ്ശാസ്ത്രജ്ഞന്മാരുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഈ ചോദ്യത്തിന് പലരും പല വിധത്തിലാണ് മറുപടി നല്കിയിട്ടുള്ളത്.

ഓരോരുത്തരുടെയും സ്വഭാവം ജന്മസിദ്ധമാണെന്നും, മൗലികമായ ആ സ്വഭാവത്തെ വ്യത്യാസപ്പെടുത്തുവാൻ പരിതഃസ്ഥിതികൾക്ക് സാദ്ധ്യമല്ലെന്നുമാണ് ഒരു കൂട്ടരുടെ അഭിപ്രായം. ഇവർ സ്വഭാവ രൂപവല്ക്കരണത്തിൽ പാരമ്പര്യത്തിന് പ്രാധാന്യം നല്കുന്നവരാണ്. ചിലർ ജന്മനാ 'വിഷാദാത്മകരായിരിക്കും. മററു ചിലർ 'വിപ്ലവകാരി'കളായിരിക്കും. പരിതഃസ്ഥിതികൾക്ക് ഇവരിലെ 'വിഷാദാംശ'ത്തെയോ 'വിപ്ലവാംശ'ത്തെയോ മാററുവാൻ സാദ്ധ്യമല്ല. കവികളായ ചങ്ങമ്പുഴയും ഇടപ്പള്ളിയും ജന്മനാ വിഷാദലോലുപരായിരുന്നു. അവരുടെ കൃതികളിൽ പ്രകടമാകുന്ന 'വിഷാദാത്മകത' ഈ വസ്തുതയെ ഉദാഹരിക്കുന്നു. സുഭാഷ് ചന്ദ്രബോസ് ജന്മനാ ഒരു വിപ്ലവകാരിയായിരുന്നു. ആയുഷ്കാലം മുഴുവനും ഒരു കട്ടത്ത 'വിപ്ലവകാരി'യായിട്ടു തന്നെ അദ്ദേഹം ജീവിക്കുകയും ചെയ്തു. സാഹചര്യങ്ങളൊന്നും തന്നെ ഇവരിൽ ലീനമായിരുന്ന പ്രത്യേകതകളെ മാററുവാൻ പര്യാപ്തമായിരുന്നില്ല. ചുരുക്കത്തിൽ സാഹചര്യങ്ങൾക്ക് മാററുവാനോ വ്യത്യാസപ്പെടുത്തുവാനോ കഴിയാത്ത ചില പ്രത്യേകതകൾ ഓരോരുത്തരിലുമുണ്ടെന്നും, മനുഷ്യ സ്വഭാവങ്ങളുടെ വിഭിന്നത്വം, ജന്മായത്തമായ ഈ പ്രത്യേകതകൾ മൂലമാണെന്നും ഇവർ സ്ഥാപിക്കുന്നു.

മനുഷ്യരിൽ മൗലികമായ സ്വഭാവവിശേഷങ്ങൾ ഒന്നുമില്ലെന്നും, പരിതഃസ്ഥിതികൾക്കനുസൃതമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് മനുഷ്യ സ്വഭാവമെന്നുമാണ് മറെറാരു വാദഗതി. ഇവർ സ്വഭാവ രൂപവല്ക്കരണത്തിൽ സാഹചര്യത്തിന് പ്രാധാന്യം നല്കുന്നു. മോഷ്ടാവായിട്ടാരുവനും ജനിക്കുന്നില്ല. പിന്നീടൊരുവൻ മോഷ്ടാവാകുന്നെങ്കിൽ, തീർച്ചയായും അതിനുത്തരവാദി, അവന്റെ സാഹചര്യങ്ങളാണ്. ഗാന്ധിജി ഒരു മോഷ്ടാവായിട്ടോ, ദുർവൃത്തനായിട്ടോ ജനിച്ചവനല്ല. അത്തരം ഒരു ജീവിതം നയിക്കുവാൻ ആഗ്രഹിച്ചിരുന്നുമല്ല. പക്ഷെ, ചെറുപ്പത്തിൽ അദ്ദേഹം ചില മോഷണങ്ങൾ നടത്തുകയും, ചില ദുർവൃത്തികൾക്ക് വശഗതനാവുകയും ചെയ്തു. കാരണം, പരിതഃസ്ഥിതികളുടെ പ്രേരണയായിരുന്നു. ലോലഹൃദയനായ ഒരുവൻ ഒരു പട്ടാളക്കാരനാവുമ്പോൾ കഠിനഹൃദയനാകുന്നതും, ഗ്രാമത്തിൽ മര്യാദയ്ക്കു താമസിച്ചു വന്ന ഒരാൾ പട്ടണത്തിൽ ചെല്ലുമ്പോൾ അനാവശ്യമായ ആഡംബരങ്ങൾക്ക് പിൻപെ പായുന്നതുമെല്ലാം, പരിതഃസ്ഥിതികളുടെ പ്രേരണമൂലം വഴങ്ങിയിട്ടാണ്. അതായത്, 'സാഹചര്യമാണ്' ഒരുവന്റെ

സ്വഭാവത്തെ രൂപപ്പെടുത്തുന്നതു്. പാരമ്പര്യമല്ല എന്നാണിവരുടെ വാദം.

യഥാർത്ഥത്തിൽ ഈ രണ്ടു വാദങ്ങളും ഒരു സത്യത്തിന്റെ രണ്ടു വശങ്ങളെ മാത്രമേ സ്പർശിക്കുന്നുള്ളൂ. എന്തെന്നാൽ മനുഷ്യ സ്വഭാവങ്ങളെ ഒരു പ്രത്യേക വീക്ഷണ കോടിയിൽക്കൂടിയല്ലാതെ നിഷ്പക്ഷമായി അപഗ്രഥിക്കുകയാണെങ്കിൽ, ഒരുവന്റെ സ്വഭാവരൂപവൽക്കരണത്തിൽ ജന്മസിദ്ധമായ പ്രത്യേകതകളും, അവൻ വളർന്നുവരുന്ന ചുറ്റുപാടുകളുടെ സ്വാധീനതയും തുല്യ പങ്കുവഹിക്കുന്നുണ്ടെന്നു കാണാം. അവ പ്രത്യക്ഷപ്പെടുന്നതു് വ്യത്യസ്ത തോതുകളിലായേക്കാമെങ്കിലും.

വിഷാദലോലുപരായ കവികളുടെ കാര്യത്തിലും, കടുത്ത വിപ്ളവകാരികളുടെ കാര്യത്തിലുമെല്ലാം ജന്മസിദ്ധമായ അവരുടെ പ്രത്യേകതകളാണു് മുന്നിട്ടു നില്ക്കുന്നതു്. പക്ഷേ, സാഹചര്യങ്ങൾ അവരുടെ പ്രത്യേകതകളിൽ യാതൊരു സ്വാധീനതയും ചെലുത്തുന്നില്ലയെന്നു പറയുന്നതു് തെറ്റാണു്. ഒരുവന്റെ സ്വതസ്സിദ്ധമായ കഴിവുകളെ 'പ്രത്യേകത'കളാക്കി മാറ്റുന്നതു് സാഹചര്യമാണു്. ഉദാഹരണമായി ഒരു ടൊമാറ്റോവിന്റെ ഒരേ ഗുണമുള്ള രണ്ടു വിത്തുകൾ വിഭിന്ന പരിതഃസ്ഥിതികളിൽ, ഒന്നു്, വളരുവാനനുകൂലമായ സാഹചര്യത്തിലും, മറ്റേതു്, പ്രതികൂല സാഹചര്യത്തിലും നടുകയാണെങ്കിൽ ആദ്യത്തേതു് തഴച്ചു വളരുന്നതും, രണ്ടാമത്തേതു് മുളക്കാതെയിരിക്കുന്നതും അഥവാ മുളക്കുകയാണെങ്കിൽ തന്നെ മുരടിച്ചു പോകുന്നതും കാണാവുന്നതാണു്. അതായതു്, ജന്മസിദ്ധമായ കഴിവുകളോ, ഗുണങ്ങളോ, പ്രത്യേകതകളോ എത്ര തന്നെ ഉണ്ടെങ്കിലും, പരിതഃസ്ഥിതികൾ അനുയോജ്യമല്ലെങ്കിൽ ഒരു വിത്തിന്റെ വളർച്ച തികച്ചും അസാദ്ധ്യമാണു്. അതുപോലെ തന്നെ ജന്മസിദ്ധമായ പ്രത്യേകതകൾകൊണ്ടു മാത്രമല്ല സ്വഭാവരൂപവല്ക്കരണം സാധിക്കുന്നതു്. സാഹചര്യങ്ങളും അതിൽ ഒരു നല്ല പങ്കു വഹിക്കുന്നുണ്ടു്. പരിതഃസ്ഥിതികളുടെ വെളിച്ചത്തിൽ മാത്രമേ ഒരുവന്റെ സ്വായത്തമായ പ്രത്യേകതകൾ പ്രകാശം കാണുന്നുള്ളൂ. അതുകൊണ്ടു് ജന്മായത്തമായ പ്രത്യേകതകളാണു് ഒരുവനിൽ മുന്നിട്ടു പ്രതിഫലിക്കുന്നതെങ്കിലും അതിനോടനുബന്ധിച്ചു തന്നെ ആ പ്രത്യേകതകൾക്കു് രൂപം നല്കിയ സാഹചര്യങ്ങളും ഉണ്ടെന്നു് ചിന്തിക്കേണ്ടതാണു്.

ആദ്യം പറഞ്ഞ ഗാന്ധിജിയുടെ ഉദാഹരണത്തിൽ, സാഹചര്യങ്ങൾക്കു് സ്വഭാവരൂപവല്ക്കരണത്തിലുള്ള അനിഷേധ്യമായ സ്ഥാനമാണു് വെളിവാകുന്നതെങ്കിലും, ഇവിടെ പരിതഃസ്ഥിതികളെ മാത്രം കണക്കിലെടുക്കുന്നതു് ശരിയല്ല. എന്തെന്നാൽ പരിതഃസ്ഥിതികൾകൊണ്ടുമാത്രം മൗലികമായ ഒരു സ്വഭാവം രൂപം കൊള്ളുന്നില്ല. പരിതഃസ്ഥിതികളുടെ പ്രേരണയ്ക്കു് വിധേയനായി ദുർമാർഗ്ഗത്തിലേക്കു് കാലുകുത്തിയ ഗാന്ധിജി, പിന്നീടതിൽ നിന്നും മുക്തി പ്രാപിച്ചതു തന്നെ ഇതിനുദാഹരണമാണു്. ഗാന്ധിജിക്കു് അതു സാധിച്ചതു് അദ്ദേഹത്തിനു് സ്വായത്തമായിരുന്ന സത്യ ഗുണം കൊണ്ടായിരുന്നു. പരിതഃസ്ഥിതികൾ എത്രതന്നെ ശ്രമിച്ചാലും ഒരു തെങ്ങു് തെങ്ങായിട്ടും, മാവു് മാവായിട്ടും മാത്രമേ വളരുന്നുള്ളൂ. സാഹചര്യങ്ങൾക്കവയുടെ പ്രത്യേകതകളെ മാറ്റുവാൻ സാദ്ധ്യമല്ല; വളർച്ചയെ തടയുവാൻ കഴിയുമെങ്കിലും.

ചുരുക്കത്തിൽ, ഒരു ചെടിയുടെ വളർച്ചയ്ക്കു് വിത്താണോ, അനുയോജ്യമായ പരിതഃസ്ഥിതിയാണോ ആവശ്യമെന്നു ചിന്തിക്കുന്നതുപോലെയാണു്, ഒരുവന്റെ സ്വഭാവരൂപവല്ക്കരണത്തിനു് ജന്മസിദ്ധമായ പ്രത്യേകതകളാണോ, സാഹചര്യങ്ങളാണോ ആവശ്യമെന്നു ചിന്തിക്കുന്നതു്. ഒന്നിനെക്കൂടാതെ മറ്റേതു് നിരർത്ഥകമെന്നു പറയാം. ജന്മസിദ്ധമായ പ്രത്യേകതകളും വളർന്നുവരുന്ന ചുറ്റുപാടുകളും ഒരുപോലെ ആവശ്യമാണു് സ്വഭാവരൂപവല്ക്കരണത്തെ സംബന്ധിച്ചിടത്തോളം; ഓരോ അവസരങ്ങളിലും അവ വഹിക്കുന്ന പങ്കിനു് ഏറ്റക്കുറച്ചിൽ കണ്ടേക്കാമെങ്കിലും. കേവലം ജന്മസിദ്ധമോ, സാഹചര്യസൃഷ്ടിയോ അല്ല. പ്രത്യുത സാഹചര്യത്തിന്റെ സ്വാധീനതയിൽ വളരുന്ന ജന്മസിദ്ധമായ പ്രത്യേകതയത്രെ ഒരു മനുഷ്യന്റെ സ്വഭാവം.

# രാഗലേഖനം

(എം. പി. സീതാദേവി.)

വെണ്മയേറുമീത്താളിലെൻ നാഥനി-
ന്നാദ്യമായി ഞാൻ കത്തെഴുതീടുന്നു......
എന്തെഴുതണം? എങ്ങിനെയോതണം?
ഒന്നുമൊന്നുമറിയില്ലെനിക്കു ഹാ!
ആദ്യമാണിയനുഭവം! തൂലിക
ഹാ! വിറയ്ക്കുന്നു; കൈകൾ കുഴയുന്നു!
എന്തിനാണെന്നറിയാതെ ഹൃത്തടം
വെമ്പൽ കൊള്ളുന്നു—കൺകൾ നിറയുന്നു.
കൈവിരൽത്തുമ്പിലീ മഷിത്തുള്ളിക-
ളെങ്ങനെയോ പകർന്നു പോയ്; മായുമോ?
എങ്ങനെയുമെന്നുള്ളിന്റെയുള്ളിലെ
തങ്കസ്വപ്നങ്ങളോതണം ഹൃദ്യമായ്!

" ആരറിയാനെൻ ഹൃത്തിൻ മിടിപ്പുകൾ?
ആരെൻ മൂകമാം ജല്പനം കേൾക്കുവാൻ?
ലോലമിച്ചെറു താമരത്തോണിയിൽ
കാലമെത്രയിരിക്കുമൊറ്റയ്ക്കു ഞാൻ?
സംഭാഷണം ചെയ്യുവാനന്തികേ
നാഥനണയുന്ന ഭാവിക്കുമെത്രനാൾ? "

അങ്ങു ദൂരെ—വ്യത്യസ്തതലത്തിലായ്
തങ്ങും നാഥനോടെല്ലാം പറയണോ.......?
വയ്യ, ഇച്ചപലോക്തികളെങ്ങിനെ......
എങ്ങിനെയെഴുതീടുമീത്താളിതിൽ?
ഇക്കഥനങ്ങളർത്ഥമില്ലായ്മയാ—
യാമുഖത്തൊരു പുഞ്ചിരിയൂറിയാൽ......?

എങ്കിലെന്തെൻ ഹൃദന്തത്തുടിപ്പുകൾ
പങ്കമേശാതെ മററാരറിയുവാൻ?

വെള്ളത്താളിൽ, തിളങ്ങും ലിപികളിൽ
വ്യക്തമാകില്ല മൽ പ്രിയസ്വപ്നങ്ങൾ?
അല്പമക്ഷരത്തെററുകൾ പാടില്ല;
മൽപ്രിയൻ വൃഥാ തെററിദ്ധരിച്ചാലോ?
ഭംഗി തീരെയില്ലാത്തൊരെൻ കയ്യെഴു-
ത്തെല്ലു ഭേദമായ് മാററുവാനൊത്തെങ്കിൽ!
ശ്രദ്ധയാജ്ഞലിച്ചെഴുതണെ, മല്ലെങ്കിൽ
ചെറുതെപ്പിഴ വന്നുപോയെങ്കിലോ?

ഹൃത്തടത്തിൽ സന്ദേശങ്ങൾ വെമ്പുന്നു;
വ്യക്തമാകുന്നതില്ലനിക്കക്ഷരം......
തൂലിക ഹാ! വിറയ്ക്കാതിരുന്നെങ്കിൽ!
കൺകളൊന്നു നിറയാതിരുന്നെങ്കിൽ!!

ചിത്തവേദിയിലവ്യക്തഭീതികൾ
നൃത്തംവച്ചു ഹസിക്കാതിരുന്നെങ്കിൽ
ചെങ്കണിയുമീ ലജ്ജയെൻ സ്വപ്നത്തിൻ
കണ്ണിണയൊന്നു പൊത്താതിരുന്നെങ്കിൽ!
കണ്ണുനീർത്തുള്ളി വീണുനനയാതെ,
ഈ മഷി പടർന്നക്ഷരം മായാതെ,
എങ്ങനെ മുഴുമിപ്പിക്കുമെൻ പ്രിയ
രാഗലേഖനം? പററുമോ? പററുമോ??
കഷ്ടം! എൻ വിരൽപ്പാടുകളേററിട്ടീ
വെണ്മമങ്ങുമോ? കത്തു മുഷിയുമോ?

കണ്ടനാളത്തിൽ വന്ന കനവൊന്നി-
തക്ഷരങ്ങളെൻ സ്വപ്നങ്ങൾ, മെല്ലമേൽ!
എങ്ങനെയടുക്കിനും ക്രമത്തിനും
ഹാ! പകരേണ്ടതാണിക്കടലാസിൽ?

അല്പമെന്തെങ്കിലും പിഴവന്നാലും
മൽപ്രിയൻ പൊറുത്തീടുമോ സസ്നേഹം?

വൃത്തിയില്ലാത്തൊരിയക്ഷരങ്ങളിൽ
ഹൃത്തടത്തിൻ മിടിപ്പുകൾ കാണുമോ?

പ്രേമലോലനായ് കത്തു വായിച്ചുകൊ-
ണ്ടോമനിക്കുമോ സ്വപ്നങ്ങളെ പ്രിയൻ...?

—രേഖ.

---

പരിതഃസ്ഥിതികളിലൂടെയാണ് ഒരുവനി ലെ പ്രത്യേകതകൾ പ്രകാശം കാണുന്ന തെന്നുള്ളതുകൊണ്ട്, പരിതഃസ്ഥിതികൾ നന്നാക്കിയാൽ ഒരുവന്റെ സ്വഭാവത്തെ യും ഏകദേശമെങ്കിലും നന്നാക്കുവാൻ കഴിയും.

" പാടേ നാളും പിരിഞ്ഞുള്ളൊരു സരസിജമൊ
ന്നു മുഗ്ദ്ധാനനത്തെ-
ളുടെള്ളുടെതിരിച്ചുഗ്ഗതിയതില്ലമഹോ! ദക്ഷയാം
പക്ഷ്മളാക്ഷി
ബാഢം പീയൂഷവും വൻ വിഷവുമധികമായ് തേ
ച്ചിട്ടതാംകടാക്ഷം
ഗാഢം മന്മാനസത്തിൽ കഠിനമിഹ കഴിച്ചിട്ടതി
ന്നട്ടിലാക്കി. "

*By* Mary Jacob,
*Class II, Philosophy.*



*By* Gracy Varghese,
*Class II, Mathematics.*

*By* K. P. Chandrasekharan Nair,
*Class I, Chemistry.*



**This is Nature**

*By* M. K. R. Nath,
*University Previous—Batch C.*

# എനിക്ക് ഒരിക്കലും മറക്കാനാവാത്ത വ്യക്തി

(ബി. സാവിത്രി, ക്ലാസ്സ് II കെമിസ്ട്രി)

പറയണമോ വേണ്ടയോ? ഞാനെന്തു വേണം? എന്നെ സ്നേഹിച്ച് വിശ്വസിച്ച് വിവാഹം കഴിച്ച മനുഷ്യനെ വഞ്ചിക്കുന്നതെങ്ങനെ? ഇന്നലെ രാത്രി ഉറങ്ങാൻ കിടന്നപ്പോൾ 'അദ്ദേഹം' എന്നോട് ചോദിച്ചതാണ്.

"ഇതേവരെയുള്ള നിന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഏതെങ്കിലും വ്യക്തിക്ക് സ്ഥാനം ലഭിച്ചിട്ടുണ്ടോ?"

ആലോചിച്ചപ്പോൾ ഞെട്ടിപ്പോയി. എന്റെ ജീവിതത്തിൽ മറക്കാൻ വയ്യാത്ത വിധം ഒരു വ്യക്തിക്ക് സ്ഥാനം ലഭിച്ചിട്ടില്ലേ? ഉണ്ടെന്ന് പറയുവാൻ ലജ്ജ സമ്മതിച്ചില്ല: ഇല്ലെന്ന് പറയുവാൻ ജിഹ്വയും.

ഏതായാലും ഇന്ന് പറയാമെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം ഇപ്പോൾ ഓഫീസിൽ പോയിരിക്കയാണ്. ഇന്നു രാത്രി ഇന്നലത്തെ ചോദ്യം ആവർത്തിക്കാതിരിക്കയില്ല. അപ്പോൾ 'ഏക്കവും മുതലും' കൂടാതെ കഴിക്കുവാൻ കഴിഞ്ഞുപോയ സുന്ദരമായ ഒരു കാലഘട്ടത്തിലെ മറക്കാനാവാത്ത സ്മരണകളെ ക്രമത്തിനൊന്നടുക്കിക്കളട്ടെ.

ഞാൻ ആ കോളജിൽ ചേർന്ന വർഷമാണ് ആ സംഭവമുണ്ടായത്. പ്രീയൂണിവേഴ്സിറ്റി പരീക്ഷയിൽ എനിക്ക് ലഭിച്ച മാർക്കുകൾ പൊതുവെ മോശമായിരുന്നു. എന്നെ സമുദായത്തിലെ ഒരു ഉന്നത ജീവിയാക്കിക്കാണണമെന്ന് ആഗ്രഹമുണ്ടായിരുന്ന മാതാപിതാക്കന്മാർ എന്നെ വെറുതെ വിട്ടില്ല. മാർക്ക് കുറഞ്ഞതിന് കുറെ ശകാരിച്ചശേഷം അവർ എന്നെ ത്രിവത്സര ഡിഗ്രി കോഴ്സിന് ചേർത്തു. ഉല്ലാസഭരിതമായ ഒരു ജീവിതം മൂന്നു കൊല്ലംകൂടി തുടരാമല്ലോ എന്ന് ഞാനും കരുതി.

ഉള്ള സത്യം ഓർമ്മയിൽ തികട്ടി വരുന്നു. ഞാനന്ന് അല്പമൊരു തന്റേടിയായിരുന്നില്ലേ? സാമാന്യത്തിലധികം സൗന്ദര്യവുമുണ്ടായിരുന്നു തന്റേടത്തിന് കൂട്ടുകാരിയായിട്ട്. പോരെ പൂരം? എന്തും, എവിടെയും എപ്പോഴും ചെയ്യുവാൻ കഴിയുമെന്നൊരു തോന്നൽ ഉണ്ടായിത്തുടങ്ങുന്ന യുവതാപ്രായത്തിലേക്ക് കാലൂന്നിക്കഴിഞ്ഞിരുന്ന ഞാൻ ആ കോളജിന്റെ ചരിത്രത്തിന്റെ അന്നേവരെ ഉണ്ടായിട്ടില്ലാത്ത ഒരു കാര്യം നടത്തുന്നതിന് മുതിർന്നതിൽ ഇന്നും എനിക്ക് അത്ഭുതം തോന്നുന്നില്ല. അതെ; എന്റെ ഒരു വലിയ ആഗ്രഹമായിരുന്നു കോളജ് യൂണിയന്റെ പ്രസിഡന്റാവുക എന്നുള്ളത്. കൂട്ടുകാരികൾ പ്രോത്സാഹിപ്പിച്ചപ്പോൾ ഞാൻ കച്ചകെട്ടിയിറങ്ങുക തന്നെ ചെയ്തു.

അതേവരെ, ആ സ്ഥാനത്തേക്ക് പെൺകുട്ടികളാരും മത്സരിച്ചിരുന്നില്ല. എല്ലാത്തിലും കഴിവുള്ള ഒരാൺകുട്ടിയാണ് ആ സ്ഥാനത്തിനർഹൻ എന്നൊരു വയ്പാണ് അന്നുണ്ടായിരുന്നത്.

വീട്ടിൽ വലിയ എതിർപ്പുണ്ടായിരുന്നു. 'പെണ്ണ് കോറി വിളയണ്ട' എഞ്ചിനീയറിംഗ്കാരൻ ചേട്ടന്റെ അഭിപ്രായമായിരുന്നു അത്. എഞ്ചിനീയറിംഗ് പാസ്സായിക്കഴിഞ്ഞ 'അങ്ങേര'ടെ മനസ്സ് ഇനിയും വളരേണ്ടിയിരിക്കുന്നുവെന്ന് സമാധാനിച്ചു ഞാൻ. അവസാനം വീട്ടുകാരെക്കൊണ്ട് ഒരുവിധം സമ്മതിപ്പിച്ചു.

പല പുതിയ പ്രശ്നങ്ങളും പൊങ്ങി വന്നു. ഞാൻ നാമനിർദ്ദേശപത്രിക കൊടുക്കുവാൻ പോകുന്നുവെന്ന് കേട്ടതേയുള്ളൂ. അപ്പോഴേക്കും ബോർഡിൽ പടം വന്നു.

"ദ ഫസ്റ്റ് വുമൺ പ്രസിഡന്റ് ഓഫ് ഔവർ കോളജ് യൂണിയൻ"

പടങ്ങൾക്കു ചുവട്ടിൽ അവർ എഴുതിയിരുന്നു. പക്ഷേ, അവരുടെ കണ്ണിൽ "ഭാരതത്തിലെ ധീരവനിത"യും കൂടിയായിരുന്ന ഞാൻ കുലുങ്ങിയില്ല.

പ്രചരണത്തിനു വേണ്ടി നോട്ടീസടിച്ചിറക്കുവാൻ വീട്ടിൽ നിന്നു പണം തരികയില്ല എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് ഓരോ വിദ്യാർത്ഥി

മേയും വോട്ടിൻെറ അഭ്യർത്ഥനയുമായി സമീപിക്കേണ്ടിയിരുന്നു.

പിറേറ ദിവസം വളരെ നേരത്തെ ഞാൻ കോളജിലെത്തി. ഗേററിൻെറ അടുത്ത് എൻെറ വോട്ടിൻെറ അഭ്യർത്ഥന അടിച്ചേല്പിക്കേണ്ട ആദ്യത്തെ ഇരയേയും നോക്കി നില്പുറപ്പിച്ചിരുന്നു. അല്ലെങ്കിൽ, 'വളരെ നേരത്തെ വരുന്നവർ' എന്ന് എൻെറ കൂട്ടുകാരികളാൽ വിശേഷിപ്പിക്കപ്പെട്ടിരുന്നവർ പോലും അന്ന് വന്നു കാണാത്തതിനാൽ ഞാൻ അക്ഷമയായി അങ്ങനെ നില്ക്കുമ്പോൾ ഒരു നേരിയ ചൂളംവിളി കേൾക്കായി. നോക്കിയപ്പോൾ, ഒരു സിഗററും കത്തിച്ച് കൈയിൽ പിടിച്ചുകൊണ്ട്, കോളജിൽ കുപ്രസിദ്ധിയാർജ്ജിച്ച ആ വിദ്യാർത്ഥി—എൻെറ ജീവിതത്തിൽ എനിക്ക് ഒരിക്കലും മറക്കാനാവാത്ത ആ വ്യക്തി—കടന്നു വരികയാണ്. ആദ്യത്തെ മനുഷ്യൻ ഇയാളാണല്ലോ എന്നോർത്തപ്പോൾ എനിക്കല്പം നിരാശ തോന്നി. എങ്കിലും ഗണപതിക്കു വച്ചത് കാക്ക കൊണ്ടുപോവരുതല്ലോ എന്നു കരുതി, പ്രസിദ്ധരായ മൂന്ന് വിദ്യാർത്ഥികളാണ് എനിക്ക് എതിരായി നില്ക്കുന്നതെന്നോർത്തുകൊണ്ട്, വരണ്ടുപോയ ചുണ്ടുകൾ നാക്കു നീട്ടി നനച്ച്, ഞാൻ ധൈര്യമവലംബിച്ച് ഇപ്രകാരം ചോദിച്ചു:

“ആർക്കെങ്കിലും Promise ചെയ്തിട്ടുണ്ടോ?

അയാളുടെ വോട്ട് മററാർക്കെങ്കിലും കൊടുക്കുവാൻ അയാൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്. അതു് കുറച്ച് 'സ്റ്റാൻഡാർഡിൽ' അതു് ചോദിച്ചുവെന്നുമാത്രം.”

ഇതു കേട്ട മാത്രയിൽ അയാൾ ഒരു 'വല്ലാത്ത' ചിരി ചിരിച്ചു. ഞാൻ ചൂളിപ്പോയി. എനിക്ക് വളരെയധികം ദേഷ്യവും വന്നു. ചോദിച്ച ചോദ്യത്തിനുത്തരം പറയാതെ അയാൾ നിന്നു ചിരിക്കുകയാണ്. അപ്പോഴേക്കും വേറെ രണ്ടു മൂന്നു വിദ്യാർത്ഥികൾ ഗേററിനടുത്തെത്തിയിരുന്നു. അയാൾ എന്തോ കണ്ടു ഭയപ്പെട്ടതുപോലെ, കോളജിലേക്ക് വേഗം നടന്നു. ഞാൻ അയാളെ പിന്നീട് ശ്രദ്ധിച്ചില്ല. അയാൾ അന്നു ക്ലാസ്സിൽ വന്നിരുന്നില്ലെന്ന് തോന്നു. എൻെറ അഭ്യർത്ഥനയുമായി ഞാൻ മററു വിദ്യാർത്ഥികളെ സമീപിച്ചു.

എൻെറ തൻേറടത്തിൻെറ ഫലം പിറേറദിവസം തന്നെ ലഭിച്ചു. തലേ ദിവസം പലരും എനിക്ക് വോട്ടുതരാമെന്ന് വാഗ്ദത്തം ചെയ്തിരുന്നതിനാൽ ഉല്ലാസഭരിതയായി കുറച്ചുകൂടി നേരത്തെയാണ് ഞാൻ ഗേററിൽ കാവലാരംഭിച്ചത്. അന്നും തലേന്നാളത്തെ മുഖം കണി കണ്ടപ്പോൾ എനിക്ക് അസാമാന്യമായ വെറുപ്പുണ്ടായി.

ഞാൻ അയാളെ ശ്രദ്ധിക്കാതെ മാറി നിന്നു.

പക്ഷേ, അയാൾ എൻെറ അടുക്കലേക്കു വരികയാണുണ്ടായത്. അയാൾ വല്ലാതെ പരിഭ്രമിച്ചവനെപ്പോലെ കാണപ്പെട്ടു. ഒരു കവർ എടുത്തു തന്നിട്ട് അയാൾ ധൃതഗതിയിൽ നടന്നകന്നു.

ഞാൻ ഇതികർത്തവ്യതാമൂഢയായി നിന്നുപോയി. കാരണം, അതൊരു പ്രേമലേഖനമായിരുന്നു.

എല്ലാ വിഷയങ്ങൾക്കും പൊതുവെ മാർക്ക് മോശമായിരുന്നുവെങ്കിലും മലയാളത്തിന് ക്ലാസ്സിൽ ഒന്നാം സ്ഥാനം എനിക്കായിരുന്നു. അതറിയാമായിരുന്നിട്ടാണെന്നു തോന്നുന്നു, എവിടെ നിന്നൊക്കെയോ കുറെ സാഹിത്യമെല്ലാം അയാൾ ആ പ്രേമലേഖനത്തിൽ എഴുതിക്കൂട്ടിയിരുന്നു. അതോ, പ്രേമലേഖനങ്ങൾ ഇങ്ങനെ സാഹിത്യവാഹികളാണോ!

അതിലെ വരികൾ എന്തൊക്കെയായിരുന്നുവെന്ന് 'അദ്ദേഹം' ചോദിക്കും തീർച്ച. മിക്ക വരികളും എനിക്ക് ഓർമ്മയും ഉണ്ട്. ഹൊ! എന്തൊക്കെയാണ് അയാൾ എഴുതി വച്ചിരുന്നത്.

“എൻെറ ഹൃദയസാമ്രാജ്യത്തിലെ റാണി,”

ഹാ! [illegible] വാക്കുകൾ! അവ അമൃതകിരണസ്ഫുരണങ്ങളാണ്. പ്രാപഞ്ചിക ജീവിതക്ലേശങ്ങളുടെ കൂർത്ത മുള്ളുകളിൽ തറഞ്ഞു വീണ് വിണ്ടുകീറി ചോര വാർന്ന് പിടഞ്ഞിരുന്ന എൻെറ ഹൃദയത്തിൻെറ മുറിവുകൾ ഊതിയൂതി ഉണക്കി

# "നീലക്കുയിലിനോട്"

ജഗൻ, ചെറിയനാട് [പൂർവ്വ വിദ്യാർത്ഥി]

ചാരുതയാർന്നിയ നീലക്കുയിലേ
ദൂരത്തിനിമേൽ പോകല്ലേ
വന്നു വസിക്കുക നീയെൻ വീട്ടിൽ
ചന്ദ്രികനിറയും മാനതവിൽ.
നവമാം കൂടൊന്നുണ്ടാക്കുക നീ
നറുതളിരേഴുമാ മാങ്കൊമ്പിൽ
മുല്ലകൾ പിച്ചികളെന്നിവ പൂക്കും

നല്ലൊരു തോപ്പുണ്ടെൻ വീട്ടിൽ
അതിഥികളുണ്ടെൻ വീട്ടിൽ ചാരു-
തരവയോടൊത്തു കളിക്കുക നീ
അഞ്ചിത ജീവിതകാകളി തൂകും
പുഞ്ചക്കാറ്റിൻ പുന്നാരം
പാടുക നീയെൻ വാടിയിൽ വന്നാരു
വസന്തബന്ധുര സംഗീതം.

---

യതു്, ആ വാക്കുകളാണു്. "ആരോടെങ്കിലും Promise ചെയ്തിട്ടുണ്ടോ ?" എന്നു സ്നേഹമസൃണമായ ചോദ്യം! 'ഇല്ല ദേവി, ഞാനാർക്കും വാഗ്ദാനം ചെയ്തിട്ടില്ല. എന്റെ ഹൃദയം ദേവിക്കു തന്നെ. വരൂ. ദേവി, നമുക്കിജ്ജീവിതം ഒന്നിച്ചാസ്വദിക്കാം. എതിർപ്പിന്റെ കാറ്റും മഴയും ഏറ്റാലും എന്റെ നിശ്ചയം ഉലഞ്ഞു പിടികയില്ല. ഭവതിയുടേതു് അങ്ങനെതന്നെ എന്നു് വിശ്വസിക്കുന്നു........."

പിന്നെയും എന്തെല്ലാമോ അയാൾ എഴുതിക്കൂട്ടിയിരുന്നു. കാലം കുറെ കഴിഞ്ഞുവല്ലോ. എന്തും മായ്ക്കാൻ ശക്തിയുള്ള കാലത്തിന്റെ കരുത്തുറ്റ കൈകൾ ഈ വാചകങ്ങളേയും എന്റെ സ്മരണയിൽ നിന്നു് ഉടച്ചു നീക്കിത്തുടങ്ങിയിരിക്കുന്നു.

ഞാൻ എങ്ങിനെയോ പ്രിൻസിപ്പലിന്റെ മുറിയിൽ ചെന്നു. എഴുത്തിനിടയിൽ അയാളുടെ ഫോട്ടോയും അതിൽ മീതെ അയാളുടെ ഒപ്പും ഉണ്ടായിരുന്നു. പ്രിൻസിപ്പൽ എന്നെ സമാധാനിപ്പിച്ചു പറഞ്ഞയച്ചു.

വീട്ടിലെ അംഗങ്ങളെ നേരിടേണ്ടതായിരുന്നു അടുത്ത വിഷമം. സംഗതികളെല്ലാം വീട്ടിലറിഞ്ഞു. എനിക്കു് നാമനിർദ്ദേശപത്രിക പിൻവലിക്കേണ്ടി വന്നു. എഞ്ചിനീയറിംഗുകാരൻ ചേട്ടൻ ഞെളിഞ്ഞിരുന്നു, 'ഞാനപ്പോഴേ പറഞ്ഞില്ലേ' എന്ന ഭാവത്തിൽ. പിന്നീടു് കുറെ തല്ലും കിട്ടി. എന്നെ പഠിപ്പിക്കേണ്ടെന്നു വരെ തീരുമാനിച്ചതാണു്. പിന്നെ, എന്തോ ഭാഗ്യംകൊണ്ടു പഠിപ്പിച്ചു.

അയാളുടെ നിലയായിരുന്നു ഏറ്റവും ശോചനീയം. പ്രിൻസിപ്പലിന്റെ മുറിയുടെ മുന്നിൽ നിന്നിരുന്ന അയാളുടെ വിവർണ്ണ വദനം ഞാൻ ഇപ്പോഴും മുന്നിൽ കാണുന്നു. അയാളെ ടി. സി. കൊടുത്തു പറഞ്ഞയയ്ക്കുകയാണു ചെയ്തതു്.

പോകുന്നതിനു മുമ്പു് അയാൾ എന്നെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും ഞാൻ അനുവദിച്ചില്ല. പക്ഷേ, ജീവിതത്തിൽ ഒരിക്കലും അയാളെ മറക്കുവാൻ എനിക്കു കഴിയുന്നില്ല. എന്റെ സ്മരണകളുടെ ഏടുകൾ മറിക്കുമ്പോൾ ഈ വ്യക്തിയുടെ ചിത്രം കൂടുതൽ തെളിവുറ്റതായി മുന്നിൽ കാണുന്നു.

ഓ! ആലോചിച്ചിരുന്നു് സമയം പോയതറിഞ്ഞില്ല. ഭർത്താവു് ഇപ്പോൾ ഓഫീസു് വിട്ടു വരും. കാപ്പി തയ്യാറായോ എന്നറിഞ്ഞു കൂടാ. ദേഷ്യപ്പെടാതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കണം. പോരെങ്കിൽ ഇക്കാര്യവുംകൂടി പറയേണ്ടതാണു്. ഞാൻ വേലക്കാരിക്കു് നിർദ്ദേശം കൊടുക്കട്ടെ.........!

# എന്റെ അച്ഛൻ

P. MOHANA CHANDRAN Class II Chemistry

1962 ഒക്ടോബർ മാസം 17-ാം തിയതി ബുധനാഴ്ച പതിവുപോലെ ക്ലാസ്സ് വർക്ക്സ് എല്ലാം തീർന്ന ഞാൻ സഹപാഠികളോടൊപ്പം Chemistry Practical ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

"മോഹനചന്ദ്രനെ ചേട്ടൻ വിളിക്കുന്നു" ഒരു സുഹൃത്ത് വന്നു പറഞ്ഞു.

കേട്ടതു പാതി കേൾക്കാത്തതു പാതി ചേട്ടന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെന്നു!

"വേഗം ചേർത്തലയ്ക്കു പുറപ്പെടണം. അച്ഛൻ മരിച്ചു" ഗദ്ഗദ കണ്ഠനായി ചേട്ടനതു പറഞ്ഞൊപ്പിച്ചു.

ഞാൻ സ്വപ്നം കാണുകയാണോ! അഗ്നി ജ്വാലകൾ എന്റെ ഹൃദയത്തിൽ പതിഞ്ഞു കയറുന്നതു പോലെ എന്റെ മനസ്സ് വേദനിക്കാൻ തുടങ്ങി. ജീവിതത്തിൽ ഞാൻ ഏററവും കൂടുതലായി ഇഷ്ടപ്പെട്ടിരുന്ന വ്യക്തി, എന്നെ ഏററവും കൂടുതലായി സ്നേഹിച്ച വ്യക്തി അന്ത്യാശിസ്സുപോലും ചൊല്ലാതെ കൂട്ടുവിട്ടു പറന്നു പോയിരിക്കുകയാണ്. എമ്പാടും ശൂന്യത തന്നെ! കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നിത്തുടങ്ങി!

ഹൃദയത്തിൽ വിടരാൻ വിരാജിച്ചിരുന്ന മോഹന പ്രതീക്ഷകൾ കരിഞ്ഞു കരിഞ്ഞു ചാമ്പലാകുന്നതിന്റെ നാന്ദിയാണ് അതു കുറിച്ചതെന്ന് എനിക്കു തോന്നി. ജീവിതരണാങ്കണത്തിൽ തന്നെത്താൻ പൊരുതാൻ കല്പിച്ച് ആ ജീവാത്മാവ് പരമാത്മാവിൽ വിലയം പ്രാപിച്ചു.

ഞങ്ങൾ ഉടൻ തന്നെ ചേർത്തലയ്ക്കു പുറപ്പെട്ടു. കേവലം ഒന്നര മണിക്കൂറിനകം നിശ്ചിത സ്ഥലത്തെത്തി. അപ്പോഴേയ്ക്കും ആ മൃതദേഹം അവിടെ എത്തിയിരുന്നു. ആരോടും ഒന്നും ഉരിയാടാതെ, എല്ലാവരെയും ദൈവ നാമത്തിൽ ഏല്പിച്ചും കൊണ്ട് സുസ്മേരവദനനായി അച്ഛൻ ശയിക്കയാണ്. ആ ശയനത്തിൽ നിന്നും ഉണരാൻ മർത്ത്യദേഹങ്ങളായ രോദനങ്ങൾക്കൊന്നും കഴിവില്ല എന്നറിഞ്ഞിട്ടും ആ അന്തരീക്ഷം കരച്ചിലുകൾ കൊണ്ടു നിറഞ്ഞിരുന്നു.

സഹോദരന്മാർ എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും സമാധാന വാക്കുകൾ പറഞ്ഞു അന്യോന്യം ദുഃഖമൊതുക്കാൻ ശ്രമിച്ചു. പക്ഷെ ആ നിമിഷത്തിൽ ഒരു തരം ബലഹീനത എല്ലാവരെയും ബാധിച്ചിരുന്നു.

ചിത തയ്യാറാക്കപ്പെട്ടു. ഞങ്ങളുടെ എല്ലാം അശ്രുധാരകൾ കണ്ടിട്ട് മേഘങ്ങൾ ഭൂമിയിൽ ജലം വേണ്ടത്രയായി എന്നു കരുതി വർഷിക്കാതിരുന്നു. എല്ലാവരും കൂടി മൃതദേഹം ചിതയിൽവച്ചു. ബന്ധുക്കളും, സ്നേഹിതന്മാരുമായി ഒരു വലിയ ആൾക്കൂട്ടം ആ അർദ്ധരാത്രിയിൽ ആ ശ്മശാന സ്ഥലത്തു തടിച്ചു കൂടിയിരുന്നു. ചേട്ടൻ ചിതയ്ക്കു തീ കൊളുത്തി. അച്ഛന്റെ ഭൗതികമായ ദേഹം ആളി കത്തിയിരുന്ന ചിതയിൽ വെന്തു വെണ്ണീറായി.

മനം കുളിർക്കെ ഒരു നല്ല ഉപദേശം തരാനോ, ശാസിക്കാനോ ഇനി അദ്ദേഹം ഉണ്ടായിരിക്കില്ല. ഈ പുത്രന്മാരെ എന്നുമെന്നും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അച്ഛൻ കാലമാകുന്ന തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു.

പിറേറ ദിവസം പത്രങ്ങളിലും റേഡിയോയിലും കൂടി വാർത്ത കേരളമാകെ പ്രസിദ്ധമായി. അനവധി അനുശോചന പത്രങ്ങൾ ഞങ്ങൾക്കു കിട്ടിത്തുടങ്ങി. ചില പത്രങ്ങൾ ജീവചരിത്രം കൂടി പ്രസിദ്ധീകരിച്ചു. അതെല്ലാം വായിക്കുന്തോറും മനസ്സിൽ തള്ളിക്കയറിവന്ന വികാരവേഗങ്ങളെ നിയന്ത്രിക്കാൻ ഞാൻ കഠിനമായി ശ്രമിച്ചു. പക്ഷെ അവസാനം അതു പൊട്ടിക്കരച്ചിലിൽ അവസാനിച്ചു.

അച്ഛനെക്കുറിച്ചുള്ള എന്റെ സ്മരണകൾ വെറും ചുരുങ്ങിയ കാലയളവിലുള്ളതാണ്. അച്ഛനിൽ നിന്നുള്ള പ്രത്യേകമാ

യ സുഖം എനിക്ക് ഏറെക്കുറെ മാത്രമേ അനുഭവിക്കാൻ സാധിച്ചിട്ടുള്ളൂ. അന്ന്, പല പല വർഷങ്ങൾക്കപ്പുറം, എന്റെ ഭവനത്തിന്റെ മുറ്റത്ത് അച്ഛനും ചേട്ടന്മാരും സമ്മേളിക്കുക പതിവായിരുന്നു. അവർ തമ്മിൽ അക്ഷര ശ്ലോക മത്സരം മുതൽ കടംകഥകൾ വരെ ചൊല്ലുമായിരുന്നത്രെ. ഏകനായി, പല പല അക്ഷര ശ്ലോകങ്ങളാലും, പല പല കീറാമുട്ടി പ്രശ്നങ്ങളാലും എന്റെ ജ്യേഷ്ഠന്മാരെ അച്ഛൻ തോല്പിക്കുമായിരുന്നു. ആ സുഖം എനിക്കും ഏറെക്കുറെ കൈവന്നിട്ടുണ്ടെന്നല്ലാതെ മുഴുവനായി അനുഭവിച്ചിട്ടില്ല.

ഈ കോളജിൽ ഏകദേശം 27 നീണ്ട വർഷങ്ങളോളം ഒരു മലയാളാദ്ധ്യാപകനായിട്ടാണ് അച്ഛൻ ജോലി നോക്കിയത്. അച്ഛനെ ഒരു പ്രസിദ്ധി നേടിയ നിരൂപകനായും ഈ കലാലയത്തിലെ പ്രഫസറായുമാണ് എനിക്ക് ഓർമ്മവെച്ച നാൾ മുതൽ കാണുന്നത്.

അച്ഛന്റെ കൂടെ പലപ്പോഴും ഞാൻ കോളജിൽ പോയിരുന്നു. എന്നെ കസേരയിലിരുത്തി അച്ഛൻ ക്ലാസ്സെടുക്കും. തികഞ്ഞ നിശ്ശബ്ദതയാണ് ആ ക്ലാസ്സിൽ തങ്ങി നിന്നിരുന്നത്. അച്ഛന്റെ തമാശകൾ കേട്ട് വിദ്യാർത്ഥികൾ ഒന്നടങ്കം ഉന്മേഷവാന്മാരായി തീരാറുണ്ടെന്നാണ് അച്ഛന്റെ ശിഷ്യന്മാർ പറഞ്ഞറിഞ്ഞിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഇടയിൽ യാതൊരു പക്ഷപാതവും അച്ഛൻ പ്രകടിപ്പിച്ചിരുന്നില്ല. എന്റെ ജ്യേഷ്ഠനെ ക്ലാസ്സിൽ നിന്നും ഒരുതവണ അച്ഛൻ ഏതോ കാരണത്താൽ ഇറക്കിവിട്ടതു കണ്ടിരുന്ന എനിക്ക് അന്നച്ഛനോട് കലശലായ ദേഷ്യം തോന്നി.

അച്ഛൻ ഉദ്യോഗത്തിൽ നിന്നും റിട്ടയർ ചെയ്യുന്നതിനു മുമ്പും പിമ്പും അനേകം സ്ഥാനങ്ങൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു. ആലുവാ മുനിസിപ്പാലിറ്റിയിലെ വൈസ് ചെയർമാൻ ആയും മദ്രാസിലെയും കേരളത്തിലെയും പാഠ്യപുസ്തകസമിതിയിലെ അദ്ധ്യക്ഷനായും, പ്രധാന പരീക്ഷകനായും അച്ഛൻ ജോലി നോക്കിയിട്ടുണ്ട്. അദ്ദേഹം മരണശയ്യയിൽ ആയിരുന്നപ്പോഴും ഒരു യൂണിവേഴ്സിറ്റിയിലെ പ്രധാനപരീക്ഷകനായിരുന്നു.

വളരെ വളരെ ദുഃഖകരമായ സന്ദർഭങ്ങളിലും അച്ഛന്റെ മുഖത്തു പുഞ്ചിരി ഞാൻ കണ്ടെത്തിയിട്ടുണ്ട്. മനോവ്യാധികൾ പുറത്തു കാണിക്കാതെ അദ്ദേഹം സംസാരിക്കുമായിരുന്നു.

അച്ഛന്റെ മുഖം നോക്കാതെയുള്ള നിരൂപണങ്ങൾ മൂലം ശത്രുക്കളെയും മിത്രങ്ങളെയും ധാരാളം ആർജ്ജിച്ചിരുന്നു. ഏതു വിപത്തുകളിലും അച്ഛന്റെ മുഖത്തു കണ്ടിരുന്ന ധീരത എന്നെ പലപ്പോഴും ആകർഷിച്ചിട്ടുണ്ട്.

എത്ര സങ്കടകരമായ സന്ദർഭത്തെയും വളരെ പ്രശംസാർഹമായ വിധത്തിൽ തരണം ചെയ്യുമായിരുന്നു. ചേച്ചിയുടെ കുടെ ഓണക്കളം നിർമ്മിക്കാനും വിഷുക്കണിയൊരുക്കാനും പടക്കം പൊട്ടിക്കാനും അച്ഛൻ കൂടാറുണ്ട്. അതു കണ്ട് ഞങ്ങൾ ഹർഷപരവശരായി തീരാറുണ്ട്.

തികഞ്ഞ ഒരു ഈശ്വരവിശ്വാസിയായിരുന്നു എന്റെ അച്ഛൻ. എത്രതന്നെ തണുപ്പായാലും കാലത്തെഴുന്നേറ്റ് ഈശ്വരഭജനം ചെയ്യാനദ്ദേഹം മറന്നിരുന്നില്ല.

അച്ഛന്റെ പ്രസംഗങ്ങൾ അനവധി ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ ഒരുതവണ ഒരു മാസികയിൽ ഇപ്രകാരം എഴുതിയിരുന്നു.

“ഏതു വിഷയമായാലും ശരി, ഏതു സന്ദർഭമായാലും ശരി, വായടപ്പൻ ഉത്തരങ്ങളാലും ഇരുത്തി ചിരിപ്പിക്കുന്ന ഫലിതശകലങ്ങളാലും, സദസ്യരെ ഒന്നോ രണ്ടോ മണിക്കൂർ പിടിച്ചിരുത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് ഒന്നു വേറെ തന്നെയാണ്.” ലളിതമായ ഭാഷയിലും ലക്ഷ്യവേധികളായ വാക്‌ശരങ്ങൾ കൊണ്ടും അച്ഛന്റെ വാഗ്ധോരണി പ്രവഹിച്ചിരുന്നു.

അച്ഛൻ കവിത, നോവൽ, ചരിത്രം, ചെറുകഥ എന്നിവയിൽ തൂലിക ചലിപ്പിച്ചിട്ടുണ്ടെങ്കിലും വിമർശന സാഹിത്യത്തിലെപ്പോലെ മറ്റൊന്നിലും ഇത്ര പ്രൗഢനായും ഗംഭീരനായും വിഹരിച്ചിട്ടില്ല എന്നാണ് പലരുടെയും അഭിപ്രായം.

ആധുനിക യുഗത്തിലെ പരിഷ്കാരങ്ങൾ തീണ്ടിയിട്ടില്ലാത്ത ഒരു കുഗ്രാമത്തിലാണ് അച്ഛൻ ജനിച്ചത്. വാസ്തവത്തിൽ പഠിത്തമാരംഭിച്ചതു തന്നെ പത്താമത്തെ വയസ്സിലായിരുന്നു. ആശാന്റെ എഴുത്തുപള്ളിക്കൂടത്തിൽ പഠിച്ചതിനു ശേഷം വൈക്കത്തെ ഗവ: ഹൈസ്കൂളിൽ ചേർന്നു മെട്രിക്കുലേഷൻ എഴുതി പാസ്സായി. അതിനു ശേഷം ചില സ്കൂളുകളിൽ അദ്ധ്യാപകനായി ജോലി നോക്കിയതിനു ശേഷം പാലക്കാട്ട് ഗവ: വിക്ടോറിയ കോളജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പാസ്സായി. പ്രതാപസിംഹൻ എന്ന ഒരു ചെറു ആഖ്യായിക എഴുതുകയും ഭാഗ്യവശാൽ അക്കൊല്ലത്തെ ഇന്റർമീഡിയറ്റിനു തന്നെ അതു ടെക്സ്റ്റായി തീരുകയും ചെയ്തു. ആ പണം കൊണ്ടായിരുന്നു ഇന്റർമീഡിയറ്റ് പാസ്സായത്. അതിനു ശേഷം മദ്രാസിൽ M. B. B. Sനു ചേർന്നു. പക്ഷേ അവിടത്തെ ചുറ്റുപാടുകളിൽ അല്പം വിരക്തി തോന്നുകയാൽ അതു് ഉപേക്ഷിച്ചു തിരുവനന്തപുരത്തു മഹാരാജാസ് കോളജിൽ ചേർന്നു പഠിച്ചു B. A പാസ്സായി. അതിനു ശേഷം ഈ കോളജിൽ ലക്ചററായി നിയമിക്കപ്പെടുകയും 27 കൊല്ലത്തെ അദ്ധ്യാപക ജീവിതത്തിനു ശേഷം റിട്ടയർ ചെയ്യുകയും ചെയ്തു. പിന്നീട് തൃശ്ശൂർ കേരളവർമ്മ കോളജിൽ പ്രൊഫസറായി കുറച്ചുനാൾ ജോലി നോക്കി. പിന്നീട് ആലുവായിൽ വന്നു സുദീർഘമായ 12 കൊല്ലം ജീവിച്ചു വരവെ കാൻസർ രോഗത്താൽ പീഡിതനായി തിരുവനന്തപുരം മെഡിക്കൽ കോളജാശുപത്രിയിൽ വച്ചു ഞങ്ങളെയെല്ലാം തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ടു് ഇഹലോകവാസം വെടിയുകയും ചെയ്തു.

ആഖ്യായികകളും ലേഖനസമാഹാരങ്ങളുമായി ഇരുപതോളം പുസ്തകങ്ങൾ അച്ഛൻ രചിച്ചിട്ടുണ്ട്. അവസാനം ശാകുന്തളം വിവർത്തനം ചെയ്തു അച്ചടിക്കാൻ കൊടുത്തിരിക്കയാണ്.

പുത്രന്മാരും അനന്തിരവന്മാരും സ്നേഹിതന്മാരുടെ മക്കളുമായി അനവധി ആളുകളെ അച്ഛൻ പഠിപ്പിച്ചു നല്ല നിലയിലാക്കിയിട്ടുണ്ട്. തികച്ചും ഒരു ത്യാഗിയായി ജീവിതകാലം മുഴുവൻ ചിലവഴിച്ച അച്ഛൻ, സ്നേഹത്തിന്റെയും ദാക്ഷിണ്യത്തിന്റെയും ഒരു അവതാരമായിരുന്നു. എത്ര തന്നെ അപരാധങ്ങൾ പ്രവർത്തിച്ചാലും ഒരിക്കലും ഞങ്ങളോടു പിണങ്ങാതെ അച്ഛൻ നല്ല വഴികൾ ഉപദേശിച്ചിട്ടുണ്ട്.

ഇത്രയും വിസ്തരിച്ചു കഴിഞ്ഞാലും അച്ഛന്റെ മഹിമയൊന്നും തീരുന്നതല്ല. ഞങ്ങളുടെ മനസ്സിൽ എന്നും അനശ്വരനായി വിരാജിക്കുന്ന, അഭിവന്ദ്യനായ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും അദ്ദേഹത്തിന്റെ നിർമ്മലമായ പാദാരവിന്ദങ്ങളിൽ സന്തപ്തരായ ഞങ്ങൾ അഞ്ജലിബദ്ധരായി അന്ത്യപ്രണാമങ്ങൾ അർപ്പിക്കുകയും ചെയ്തു കൊള്ളുന്നു. അച്ഛൻ അവസാനമായി എഴുതിയ കവിതാശകലം ആവർത്തിച്ച് ഈ സ്മരണാഞ്ജലി അവസാനിപ്പിക്കട്ടെ.

മുക്തന്മാരുടെ വാസമായ് മുനിജനം
കുമ്പിട്ടു സേവിപ്പതായ്
ഭക്തന്മാരുടെ പാരിജാതതളിരായ്
സൗന്ദര്യസങ്കേതമായ്
നിത്യം മാമക മാനസത്തിലമരും
ത്വൽ പാദപത്മം പ്രഭോ
തീർക്കട്ടെൻ ദുരിതാമയങ്ങളഖിലം
വാതാലയാധീശ്വര.

# ശകലം തത്വജ്ഞാനം

കെ. ജേക്കബ്ബ് എം. എ.

## നാം നല്ലവരായിരിക്കുന്നതെന്തിനു്?

തത്വജ്ഞാനം സാധാരണ ആളുകൾക്കു പ്രിയമുള്ള ഒരു വിഷയമല്ല. എന്നാൽ അതിൽ ചില ഭാഗങ്ങൾ നമ്മുടെ സാമാന്യ ജീവിതത്തെ സ്പർശിക്കുന്നവയാണു്. അതിലൊന്നാണു് നീതിശാസ്ത്രം (Ethics). ഈ ശാസ്ത്രത്തിലെ ഒരു ചോദ്യത്തെപ്പററി അല്പം ചിന്തിക്കുന്നതിനാണു് എന്റെ ശ്രമം.

എന്റെ ചോദ്യം ഇതാണു്. നാം എന്തിനാണു് നീതിയും സത്യവും പാലിക്കുന്നതു്? സൗകര്യം നോക്കിമാത്രം ജീവിച്ചാൽ പോരേ? ഈ ചോദ്യമാണു് സോക്രട്ടീസിനോടു രണ്ടു സ്നേഹിതന്മാർ വളരെക്കാലം മുൻപു ചോദിച്ചതു്. അവർ ചോദിച്ചതു് ഇങ്ങനെയാണു്. "സോക്രട്ടീസേ, അവിടുന്നു വളരെ സത്യസന്ധനും, നീതിജ്ഞനുമാണല്ലോ. എന്നാൽ അസത്യവും അനീതിയും കൊണ്ടു സുഖമായി ജീവിക്കാമെന്നും, ആരും താങ്കളെ അതിനു കുററപ്പെടുത്തുകയുമില്ലെന്നു തീർച്ചയുണ്ടെങ്കിൽ അവിടുന്നു ഏതുവിധത്തിലായിരിക്കും പ്രവർത്തിക്കുന്നതു്? പണ്ടു് ഗൈജസിനു കിട്ടിയമാതിരി ഒരു മോതിരം കയ്യിൽ കിട്ടിയാൽ അവിടുന്നു ഇതു നീതിമാനായിരിക്കുമോ?"

എന്താണീ ഗൈജസിന്റെ മോതിരം? അതൊരു പഴയ കഥയാണു്. ഗൈജസിനു കിട്ടിയ മോതിരം വിരലിലിട്ടാൽ ആളിനു ഇഷ്ടംപോലെ അപ്രത്യക്ഷനാകുന്നതിനു സാധിക്കും. ആർക്കും പിടിക്കാൻ സാദ്ധ്യമല്ല. ഗൈജസ്സ് എന്തു ചെയ്തു? ആ രാജ്യത്തെ രാജാവിനെ കൊന്നു! റാണിയെ സ്വന്തമാക്കി, മനുഷ്യരെ കഷ്ടപ്പെടുത്തി സ്വന്ത ആഗ്രഹങ്ങളെല്ലാം സാധിപ്പിച്ചു്. സുഖമനുഭവിച്ചു് കാലം കഴിച്ചു. ഇതുപോലെ ഉപകാരപ്രദമായ ഒരു മോതിരം കയ്യിൽ കിട്ടിയാൽ മഹാനീതിജ്ഞനായ സോക്രട്ടീസും ഇങ്ങനെതന്നെ ചെയ്കയില്ലേ?

നമുക്കു വളരെ ഉപദ്രവം ചെയ്യുന്ന ഒരു ശത്രു ഉണ്ടെന്നിരിക്കട്ടെ. അയാളെ കൊന്നുകളഞ്ഞാൽ നമുക്കു വളരെ സുഖം ലഭ്യമാകുമെന്നു തീർച്ചയാണു്. ശരി! എന്നാലതങ്ങു് ചെയ്താലെന്താണു്? ഒന്നുമില്ല! ചില ദുർഘടങ്ങൾ വന്നുകൂടാനിടയുണ്ടെന്നു മാത്രം. പോലിസുകാരെന്നു പറയപ്പെടുന്ന ശല്യംപിടിച്ച കൂട്ടർ വന്നു നമ്മെ സ്റ്റേഷ്യൻവരെ ഒന്നു കൊണ്ടുപോയേക്കാം. നമ്മുടെ ആരോഗ്യത്തിനു പററാത്ത ചില സംഭവങ്ങൾ അവിടെ നടന്നെന്നും വരാം. പോലിസുകാർക്കു് അതൊക്കെ വളരെ സുഖമാണു്. നമുക്കുതന്നെ സുഖമായി എന്നു വരുന്നതല്ല. അതിനുശേഷം ഒരു ന്യായാധിപൻ "I condemn you to be hanged by the neck till you be dead: and may God have mercy on your soul". എന്നൊരു അനുഗ്രഹവാചകവും പറഞ്ഞു നമ്മെ പിന്നെയും നടവിലേക്കയച്ചെന്നും വരും. ആകപ്പാടെ ഇതൊക്കെ വലിയ ദുർഘടമാണു്. അതുകൊണ്ടു, ഒന്നുകൂടെ വിചാരിച്ചിട്ടു്. "വല്ലകൊള്ളിയും ആയിപ്പോകട്ടെ. ആ ശത്രുവിനെ വേറെ വല്ലവരും കൊല്ലണേ" എന്നു പ്രാർത്ഥിച്ചു ഇരിക്കുകയല്ലേ നമുക്കു കൂടുതൽ സുഖപ്രദമായതു്?

എന്നാൽ, ഈവക ദുർഘടങ്ങൾ യാതൊന്നും വരാനിടയില്ലെന്നു നിശ്ചയമുണ്ടെങ്കിൽ, നാം അവനെ കൊന്നു എന്നും വരികയില്ലേ!

ഇനിയും വേറൊരു വശവുമുണ്ടു്. നന്മ ചെയ്താൽ മനുഷ്യർ സാധാരണയായി നമ്മെ പുകഴ്ത്തും. അതൊരു സുഖമാണു്. തിന്മ ചെയ്യുന്നവനെ ജനങ്ങൾ വെറുക്കും. അതു സുഖമല്ല. എന്നാൽ ഇതിനെതിരായിട്ടാണു് മനുഷ്യസ്വഭാവം എന്നിരിക്കട്ടെ. നന്മ ചെയ്യുന്നവനെ ജനങ്ങൾ വെറുക്കയും ഉപദ്രവിക്കയും, തിന്മ ചെയ്യുന്നവനെ എല്ലാവരും സ്തുതിക്കയും ചെയ്യുമായിരുന്നെങ്കിൽ മനുഷ്യർ എന്തുചെയ്യുമായിരുന്നു? തിന്മ തന്നെ ചെയ്കയില്ലേ? വേറൊരുകൂട്ടർ പറയുന്നു ഇതൊന്നുമല്ല മുഖ്യ സംഗതി. മരണം കഴി

ഞ്ഞിട്ട് ഒരു ലോകമുണ്ട്. അവിടെ നീതിജ്ഞനായ ഈശ്വരനുണ്ട്. അദ്ദേഹം തിന്മ ചെയ്യുവരെ ശിക്ഷിക്കും—നന്മ ചെയ്യുവർക്ക് ആനന്ദം പ്രദാനം ചെയ്യും. അതുകൊണ്ടാണ് മനുഷ്യർ തിന്മ ചെയ്യുന്നതിനു ഭയപ്പെടുന്നത്.

ഈ ഒടുവിൽ പറഞ്ഞ സംഗതിയെപ്പററി ഈ ഉപന്യാസത്തിൽ ഞാൻ പ്രതിപാദിക്കുന്നില്ല. കാരണം—അതു തത്വജ്ഞാനപരമായി ആരാഞ്ഞു നോക്കേണ്ട ഒരു സംഗതിയാണ്. "ഈശ്വരൻ എന്നൊരാളുണ്ടോ? അദ്ദേഹം ഏതു സ്വഭാവക്കാരനാണ്" എന്നൊന്നും തത്വജ്ഞാനപരമായി പെട്ടെന്നു പറയാവുന്നതല്ല. കമ്മ്യൂണിസ്റ്റുകാർ പറയുന്നതു് "അതൊരു വെറും കള്ള വിദ്യയാണ്. പുരോഹിതന്മാർക്ക് പണം പിടുങ്ങുന്നതിനായി കൈകണ്ട ഒരു വിദ്യ മാത്രം." അവർ പറയുന്നതു ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും, ഒരു നീതിശാസ്ത്ര സിദ്ധാന്തം ഈശ്വരന്മേൽ സ്ഥാപിച്ചുകൂടായല്ലോ. ഈശ്വരനില്ലെങ്കിലും മനുഷ്യൻ നല്ലവനായി ജീവിക്കേണ്ടതല്ലേ?

ഒരു മനുഷ്യൻ സൗകര്യത്തിനും സുഖത്തിനും വേണ്ടി മാത്രമാണ് നല്ലതായി ജീവിക്കുന്നതെന്നുള്ള സിദ്ധാന്തം കൂടുതലായി നമുക്കൊന്നു ആരാഞ്ഞുനോക്കാം. അങ്ങനെയാണെന്നുവരികിൽ ഒരുത്തനും കണ്ടുപിടിക്കാത്ത ഒരു കൊലപാതകം ചെയ്യുന്നതിൽ തെററില്ലല്ലോ. മഹാ ദുഷ്ടന്മാരായ മനുഷ്യരുണ്ട്. മനുഷ്യസമുദായത്തിലുള്ള തേളുകൾ—അവരെ കൊന്നാൽ ജനങ്ങൾക്കെല്ലാവർക്കും സന്തോഷവും സുഖവും ലഭിക്കും. അവരെ ആരുമറിയാതെ കൊല്ലുന്നതു് പാപമാണോ? അല്ല—എന്നുതന്നെ പറയുന്നവരുണ്ട്.

നാം ഒരു കപ്പൽയാത്രക്കു പോകുന്നു—കപ്പൽ പസിഫിക്ക് സമുദ്രത്തിൽ വെച്ചു മുങ്ങി നമ്മിലൊരുവനും, പന്ത്രണ്ടു വയസ്സുള്ള ഒരു കുട്ടിയും മാത്രം ഒരു ആൾപാർപ്പില്ലാത്ത ചെറിയ ദ്വീപിൽ ചെന്നടിയുന്നു. ആ ബാലന്റെ കയ്യിൽ ഒരു സഞ്ചിയിൽ ഒരാൾക്കു തിന്നുന്നതിനു മാത്രം ഭക്ഷണസാധനമുണ്ട്. മറേറയാളിന്റെ കയ്യിൽ ഒരു പേനാക്കത്തിയും ഉണ്ട്. ആ കുട്ടിയെ കുത്തിക്കൊന്ന് ആ അപ്പം കൈക്കലാക്കുന്നതു ശരിയായ ഒരു പ്രവൃത്തിയാണെന്നു വല്ലവനും പറയുമോ? ആരും സമ്മതിക്കുമെന്നു തോന്നുന്നില്ല. എന്നാൽ മുമ്പു പറഞ്ഞ ധർമ്മസിദ്ധാന്തപ്രകാരം അതിലെന്താണ് തെററ്? ആരും അയാളെ പിടിക്കാനും ശിക്ഷിക്കാനും ഇടയില്ല. കുട്ടിയുടെ ശവം അവിടെ എങ്ങാനും മറവായി കുഴിച്ചുമൂടണം, അത്രതന്നെ.

ഈ ചോദ്യത്തിനു മഹാനായ സോക്രട്ടീസ് പറഞ്ഞ ഉത്തരമെന്താണെന്നറിയുന്നതിനു എന്റെ വായനക്കാർക്കു ജിജ്ഞാസയുണ്ടായിരിക്കും. അതിനാൽ അതൊന്നു വിശദീകരിക്കുന്നതിനു ഞാൻ ശ്രമിക്കട്ടെ.

സോക്രട്ടീസ് പറഞ്ഞതിതാണ്. മനുഷ്യൻ ഒരു ഏകാന്ത ജീവിയല്ല. അനേകരൊന്നിച്ചു പാർപ്പായി ജീവിക്കുന്ന ഒരു മാതിരി ജന്തുക്കളാണ് മനുഷ്യർ. മനുഷ്യന്റെ മനസ്സിനും ശരീരത്തിനും പുഷ്ടിവികാസവും, ആനന്ദവും വരുന്നതു സമുദായജീവിതത്തിലാണ്. ഒരു ശിശുവിനെ ഒരു ഏകാന്തസ്ഥലത്തു താമസിപ്പിച്ചു ഭക്ഷണം കൊടുത്താൽ അവനു പുഷ്ടമായ മനുഷ്യത്വം ഉണ്ടാകയില്ല. അവനൊരു കാട്ടുമൃഗം പോലെയിരിക്കും. പ്രകൃത്യാതന്നെ മനുഷ്യൻ ഒരു സമുദായ ജീവിയാണ്. അതിനാൽ അവന്റെ സ്വഭാവത്തിൽ സമുദായജീവിതത്തിനു വേണ്ടതായ ഗുണങ്ങൾ അന്തർലീനമായിരിക്കും. അതുകൊണ്ട് കേവലം സ്വാർത്ഥപരനായി മററുള്ളവരെ ദ്രോഹിച്ചു ജീവിക്കുന്നതു മനുഷ്യന്റെ സ്വാഭാവികമായുള്ള ഒരു ഗുണമാണെന്നു പറഞ്ഞുകൂടാ.

എന്നാൽ ഇത്രയും പറഞ്ഞതുകൊണ്ടു നമ്മുടെ ചോദ്യത്തിനു ശരിയായ ഉത്തരമായില്ല എന്നു ചിലർ ശഠിച്ചേക്കാം. വളരെ ദ്രോഹിയായ ഒരു മനുഷ്യനെ ഒരുവൻ കൊന്നാൽ അതു സമുദായത്തിനു നല്ലതല്ലേ? അതിലെന്താണ് തെററ്?

"കൊല ചെയ്യരുതു്" എന്നു സമുദായം ഒരു ചട്ടം ഉണ്ടാക്കിട്ടുണ്ട്. എന്നാൽ നീതിന്യായകോടതികൾ കൊല നടത്തുന്നുണ്ട്. വ്യക്തികൾ തന്നെ അതൊരു നടത്തരുതെന്നേയുള്ളു. എന്തുകൊണ്ട്? വ്യക്തികൾ തന്നെ നിയമം കൈകാര്യം ചെയ്താൽ സമൂഹം നശിക്കും. കലഹങ്ങളും ലഹളകളും വർദ്ധിക്കും. ജീവിതം ദുർഘടപൂർണ്ണമാകും. അതിനാൽ സമൂഹത്തിനു ഒരു ഗവർമ്മെന്റു് അത്യാവശ്യമാണ്. ശരിയായ നിയമങ്ങ

ളും ചട്ടങ്ങളും ആവശ്യമാണ്. മനുഷ്യർ മിക്കവരും നിയമസ്നേഹികളാണെങ്കിലും ചെറിയ ഒരു പങ്ക് ആളുകൾ ദ്രോഹികളാണ്. അവർ സമുദായത്തെ ദ്രോഹിക്കാതെയിരിക്കുന്നതിനായി പോലീസും പട്ടാളവും വേണം. അങ്ങനെ സമുദായജീവിതത്തിൽ സുരക്ഷിതത്വം ഉണ്ടെങ്കിൽ മാത്രമേ രാജ്യം പുരോഗമിക്കയുള്ളൂ. അതില്ലാത്ത രാജ്യത്ത് വിദ്യയോ, കലയോ, കച്ചവടമോ ഒന്നും ഉണ്ടാകയില്ല. ഒരു കോളജ് നടക്കണമെങ്കിൽ രാജ്യത്തു സമാധാനം ഉണ്ടായിരിക്കണം. നാം ഇരുന്നു വിദ്യയഭ്യസിക്കുന്ന നേരത്തു ശത്രുക്കൾ നമ്മുടെ വീട്ടിൽ കയറി നമ്മുടെ അച്ഛനമ്മമാരെ കൊല്ലുകയാണെന്നു നാം കേട്ടാൽ നാം പഠിത്തമെല്ലാമുപേക്ഷിച്ചു ഓടിപ്പോകും. വിശ്വസിക്കാവുന്ന ഒരു സർക്കാരും, നീതിന്യായ കോടതികളും ഒക്കെ സമുദായോല്ക്കർഷത്തിനു ആവശ്യമാണ്.

സാധാരണയായി ജനങ്ങൾ നിയമസ്നേഹികളാണെന്നു നാം പറഞ്ഞുവല്ലോ. അതവരുടെ ജന്മസിദ്ധമായ ഗുണമാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം മനുഷ്യൻ ജന്മനാ സമുദായ ജീവിയാണ്. ആ ജീവിതത്തിനു വേണ്ടതായ സ്വഭാവം അവനിൽ ജനനത്തിങ്കലേ മറഞ്ഞു കിടക്കയാണ്. അതിനാൽ ശിക്ഷയെ ഭയപ്പെട്ടിട്ടോ, പ്രതിഫലേച്ഛകൊണ്ടോ മാത്രം വന്നു കൂടിട്ടുള്ളതല്ല നമ്മുടെ സ്വഭാവഗുണങ്ങൾ. ശിക്ഷയും, പ്രതിഫലവും നാം നല്ലവരായിരിക്കുന്നതിനു സഹായിക്കുമെന്നു സമ്മതിക്കാം. എന്നാൽ അവകൊണ്ടു മാത്രം നല്ലവനായിരിക്കുന്നവൻ കേവലം നിന്ദാർഹനാണെന്നു പറയേണ്ടിയിരിക്കുന്നു. സോക്രട്ടീസിനോടു സ്നേഹിതന്മാർ ചോദിച്ച ചോദ്യത്തിനു ഏതാണ്ട് ഇപ്പറഞ്ഞ രീതിയിലാണ് അദ്ദേഹം ഉത്തരം നല്കിയതു്.

മനുഷ്യ സമുദായത്തെ പല സമൂഹങ്ങളും രാജ്യങ്ങളുമായിട്ടല്ലാ ഒന്നായിട്ടു പരിഗണിക്കുമ്പോൾ ഈ ഉത്തരം എത്ര കണ്ടു ശരിയാണെന്നു നമുക്കു മനസ്സിലാക്കുന്നതിനു കഴിയും. നല്ല ചട്ടങ്ങളും നിയമങ്ങളും ഉള്ള ഒരു സമുദായത്തിൽ വ്യക്തികൾക്കു നല്ലതായി ജീവിക്കുന്നതു് കൂടുതൽ സുകരമാണ്. എന്നാൽ ഹീന നിയമങ്ങളും, മോശമായ ചട്ടങ്ങളും പ്രാബല്യത്തിലിരിക്കുന്ന ഒരു രാജ്യത്തു ഒരുവൻ നല്ലവനായിരിക്കുന്നതു് കുറച്ചു കൂടി പ്രയാസമാണ്. ഇതിനെപ്പററി കൂടുതൽ വിവരിക്കുന്നതിനു ഈ ലേഖനത്തിൽ സ്ഥലച്ചുരുക്കത്താൽ സൗകര്യമില്ല. എന്നാൽ ഇതുകൊണ്ടു മനസ്സിലാക്കേണ്ടതിതാണ്. "നന്മ" എന്നതു വാസ്തവത്തിൽ ഒരു രാജ്യത്തോടോ ഒരു പ്രത്യേക സമുദായത്തോടോ അനുബന്ധിച്ചല്ല നാം വീക്ഷിക്കേണ്ടതു്. മനുഷ്യസമുദായം പല വിധത്തിൽ ശിഥിലീകരിച്ചും, യോജ്യതയില്ലാതെയും കഴിഞ്ഞുകൂടുന്ന ഒരു കൂട്ടരാണെങ്കിലും വാസ്തവത്തിൽ അവർ ഒന്നാണ്. എല്ലാവരും സഹോദരങ്ങളാണ്. മഹാനായ തോമസ് കാർലൈൽ പറയുന്ന ഒരു സംഭവകഥ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. വളരെ ദരിദ്രയായ ഒരു ഐറിഷ് സ്ത്രീ, സ്കോട്ട്ലണ്ട് രാജ്യത്തു ചെന്നു താമസിക്കുന്നതിനിടയായി. അവൾക്കു ദാരിദ്ര്യവും കഷ്ടപ്പാടും വന്നപ്പോൾ അവിടത്തെ ജനങ്ങളോടവർ സഹായമഭ്യർത്ഥിച്ചു. എന്നാൽ അവർ പറഞ്ഞു: "നീ ഞങ്ങളുടെ ആളല്ല. നീ ഐർലണ്ടുകാരി. ഞങ്ങൾ സ്കോട്ട്ലണ്ടുകാരാണ്. നിന്നെ സഹായിക്കുന്നതിനു ഞങ്ങൾക്കു പാടില്ല". കുറേനാൾ കഴിഞ്ഞപ്പോൾ ആ സാധു സ്ത്രീ സന്നിപാതജ്വരത്താൽ മരിച്ചുപോയി. അപ്പോൾ അവൾ തീർച്ചയായി അവരുടെ ഒരു സഹോദരി തന്നെയായിരുന്നു എന്നു ഈശ്വരൻ ആ സ്കോട്ട്ലണ്ടുകാർക്കു വ്യക്തമാക്കിക്കൊടുത്തു. അവളുടെ സന്നിപാതജ്വരം അവരിൽ പലർക്കും കിട്ടി—പലരും മരിച്ചു!

അതിനാൽ നമ്മുടെ മനുഷ്യ സഹോദരങ്ങളെ ദ്രോഹിച്ചു നമുക്കു തൃപ്തിയടയാമെന്നു നാം വിചാരിക്കുന്നെങ്കിൽ അതു കേവലം മൗഢ്യമാണെന്നു മാത്രമേ പറവാനുള്ളൂ. നമുക്കുതന്നെ, അതായതു മററുള്ളവരെ ഒഴിച്ചു നിർത്തി, പൂർണ്ണ ഉൽക്കർഷം പ്രാപിക്കാമെന്നു വിചാരിച്ചാൽ അതും മിഥ്യാബോധമാണ്. ആ വിധത്തിലാണ് നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഘടനയും സ്വഭാവവും. നാം പരിപൂർണ്ണത പ്രാപിക്കണമെങ്കിൽ നമ്മുടെ ചുററുമുള്ള ലോകരെ നാം പരിപൂർണ്ണതയിലെത്തിക്കേണ്ടിയിരിക്കുന്നു. എന്റെ സഹോദരന്മാർ

# സ്വന്തം കണ്ണുകളെ വിശ്വസിക്കാമോ?

MARY JACOB CL. II PHILOSOPHY.

"ഞാനെന്റെ സ്വന്തം കണ്ണുകൊണ്ടു കണ്ടതല്ലേ? പിന്നെങ്ങിനെ വിശ്വസിക്കാതിരിക്കും"—എന്നു പലരും ചോദിക്കാറില്ലേ? പക്ഷേ 'സ്വന്തം കണ്ണുകളെ' അങ്ങനെയങ്ങു വിശ്വസിക്കാമോ? നമുക്കു പരിചിതങ്ങളായ സാധാരണ സംഭവങ്ങൾ പോലും ഇതിനെതിരാണ്. സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു വാഹനത്തിലിരുന്ന് പുറത്തേക്കു നോക്കിയാൽ വൃക്ഷങ്ങളും കെട്ടിടങ്ങളുമെല്ലാം എതിർവശത്തേക്കു ഓടി മറയുന്നതായിട്ടല്ലേ നാം കാണുന്നതു? അതുപോലെ, കണ്ണുകൾ തരുന്ന അറിവിനെ നാം പൂർണ്ണമായി സ്വീകരിക്കയാണെങ്കിൽ, മഴക്കാറുള്ള രാത്രിയിൽ ചന്ദ്രൻ മേഘമാലകൾക്കു മുകളിൽകൂടി നീങ്ങുന്നതായി നാം മനസ്സിലാക്കണം. പ്രായോഗിക പരിചയംകൊണ്ടും ശാസ്ത്രീയവിജ്ഞാനം മൂലവും വാസ്തവം നമുക്കറിയാമെങ്കിലും കണ്ണുകൾ നമ്മെ കബളിപ്പിക്കുന്നുണ്ട് എന്നതിനുദാഹരണമാണ് ഇവ. മറ്റിന്ദ്രിയങ്ങളും ഇതിൽനിന്നു വ്യത്യസ്തമല്ല.

നമ്മുടെ ബാഹ്യലോകവുമായുള്ള ബന്ധം തന്നെ ഇന്ദ്രിയങ്ങളെ ആശ്രയിച്ചാണെന്നു പറയാം. സൌന്ദര്യവും, ശബ്ദസുഖവും, സുഗന്ധവുമെല്ലാം ഇന്ദ്രിയങ്ങളിൽക്കൂടിയാണ് നമുക്കു ലഭിക്കുന്നതു. ഈ ഗുണങ്ങളെല്ലാം ആ വസ്തുവിലല്ല, പ്രത്യുത, നമ്മുടെ ഇന്ദ്രിയങ്ങളിൽ തന്നെയാണ് എന്നുവരെ ചിലർ പറഞ്ഞിട്ടുണ്ട്. ആസ്വദിക്കാനാളില്ലെങ്കിൽ ഒരു പ്രകൃതിദൃശ്യം സുന്ദരമാകുമോ? ആർക്കും രസിക്കാത്ത ഒരു ഫലിതം ഫലിതമാണോ? അതിനാൽ ഇന്ദ്രിയങ്ങളുടെ പ്രാധാന്യം വിലമതിക്കാനാവാത്തതാണ്. അപ്പോൾ ആ ഇന്ദ്രിയങ്ങൾ നമ്മെ കബളിപ്പിക്കുന്നു എന്നു പറഞ്ഞാൽ.........?

ഇന്ദ്രിയങ്ങളുടെ ഈ 'ഭ്രമ പ്രവണത' ശാസ്ത്രത്തിന്റെ നിഷ്കൃഷ്ടമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. എല്ലാ ഇന്ദ്രിയങ്ങളും വഞ്ചിക്കപ്പെടുന്നവയാണെങ്കിലും കണ്ണുകൾക്കാണ് ഏറ്റവും അധികം തെറ്റു പറ്റുന്നതു. കണ്ണുകൾ ഉള്ള ഒന്നിനെ മറ്റൊന്നായി കാണുന്നു. മാത്രമല്ല ഇല്ലാത്ത ഒന്ന് ഉള്ളതായിട്ടുപോലും അവ നമുക്ക് അറിവു തരുന്നു. ആദ്യം പറഞ്ഞതു അത്ര അസാധാരണമൊന്നുമല്ല; ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ എല്ലാവരും ഇതനുഭവിച്ചിട്ടുണ്ട്. ശാസ്ത്രത്തിൽ, ഈ തോന്നലുകളെ Illusions എന്നാണ് വ്യവഹരിക്കുന്നതു.

ഒരു പ്രകൃതിചിത്രം നേരെ തിരിച്ചു പിടിച്ചാൽ വളരെ വ്യത്യസ്തമായ ഒരു തോന്നലാണ് ഉണ്ടാകുന്നതു. അപ്പോൾ, നമ്മുടെ ദൃഷ്ടിയിൽ നീലാകാശം നീലത്തടാകവും, കുന്നുമേഘങ്ങൾ പാറക്കൂട്ടവുമായിരിക്കും. കുനിഞ്ഞുനിന്ന് തല നേരെ കീഴ്പ്പോട്ടാക്കി ചുറ്റുപാടും നോക്കുകയാണെങ്കിലും ഇങ്ങനെയൊരു അസാധാരണത്വം അനുഭവപ്പെടും. മനുഷ്യരുടെയും മൃഗങ്ങളുടെയും ചലനങ്ങൾ അപരിചിതമായി തോന്നാം. ചില നിറങ്ങൾക്ക് പകിട്ടു കൂടിയിട്ടുണ്ടായിരിക്കും. വസ്തുക്കളുടെ അകലത്തെ സംബന്ധിച്ചുള്ള ധാരണക്കും വലിയ വ്യത്യാസം വരും.

പെൻസിലും സ്കെയിലുമുപയോഗിച്ചു വരയ്ക്കുന്ന ചില ചിത്രങ്ങളിലാണ് ഈ വ്യത്യാസം ഏറ്റവും വ്യക്തമായും രസകരമായും കാണാൻ കഴിയുന്നതു.

ഒരേ ദൈർഘ്യമുള്ള രണ്ടു ഋജുരേഖകളാണ് A Bയും C Dയും. പക്ഷേ ഈ രേഖകളുടെ വശങ്ങളിലുള്ള ആവരണത്തിന്റെ

---

പട്ടിണിയിലും അജ്ഞതയിലും രോഗത്തിലും വലയുമ്പോൾ എനിക്കു യാതൊരു ക്ലേശവുമില്ലാതെ സുഖമായിരിക്കുന്നതിനു സാദ്ധ്യമല്ല. അങ്ങനെ ഞാൻ സുഖമായിരിക്കുന്നുവെങ്കിൽ ഞാൻ സാക്ഷാൽ മനുഷ്യത്വമില്ലാത്തവനായിരിക്കണം. ഞാൻ പൂർണ്ണത പ്രാപിക്കണമെങ്കിൽ ഈ ലോകവും പൂർണ്ണത പ്രാപിക്കേണ്ടിയിരിക്കുന്നു.



A BC D

വ്യത്യാസം കൊണ്ട് C D, A Bയെക്കാൾ നീളം കൂടിയതായി തോന്നുന്നു.

താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങളുടെ മദ്ധ്യത്തിലുള്ള രണ്ടു വൃത്തങ്ങളും ഒരേ അളവാണ്. പക്ഷേ ചുറ്റുമുള്ള വൃത്തങ്ങളുടെ



വലിപ്പവ്യത്യാസംമൂലം ചെറിയ വൃത്തങ്ങളുടെ നടുവിലുള്ളത് കൂടുതൽ വലുതായി തോന്നുന്നു.



ഒരു വൃത്തത്തിനുള്ളിൽ അതിന്റെ വശങ്ങളെ സ്പർശിക്കത്തക്കവണ്ണം ഒരു സമചതുരം വരച്ചാൽ വൃത്തത്തിന്റെ വശങ്ങൾ അല്പം പരന്നിരിക്കുന്നതായി തോന്നാം.

വളരെ രസകരമായ മറ്റൊരു ദൃഷ്ടാന്തമാണ് ലൈപ്സിഗ് സർവ്വകലാശാലയിലെ പ്രൊഫസർ സോൾനറുടെ കണ്ടുപിടുത്തം. 1871-ൽ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം അവസാനിച്ചതിന്റെ അടയാളമായി ആ സർവ്വകലാശാലയുടെ മുൻപിൽ ദേവതാരുവള്ളികൾ ചുറ്റിയ രണ്ടു മരങ്ങൾ നാട്ടി. ആ മരങ്ങൾ ചരിഞ്ഞിരിക്കുന്നതായി സോൾ

ഇങ്ങനെ വളരെയധികം ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും. പ്രായോഗിക ജീവിതത്തിലും ഇവയ്ക്കു വളരെ പ്രാധാന്യമുണ്ട്. കറുത്ത ഒരാൾ നല്ല വെള്ളവസ്ത്രം ധരിക്കുമ്പോൾ കൂടുതൽ ഇരുണ്ടിരിക്കും. നെടുകെ വരകളുള്ള വസ്ത്രം ധരിച്ചാൽ കുറുകെ വരയുള്ളതു ധരിക്കുന്നതിനേക്കാൾ കൂടുതൽ നീളം തോന്നും.

എല്ലാ ഇന്ദ്രിയങ്ങൾക്കും ഇങ്ങനെ തെററുകൾ വരാം. ഒരാളെ കണ്ണുകെട്ടിയിരുത്തിയിട്ട് ഒരു മണ്ണുകട്ട കൊണ്ട് അയാളുടെ കഴുത്തിനു പിറകിൽ തൊട്ടാൽ, തണുപ്പായിരുന്നോ ചൂടായിരുന്നോ താൻ അനുഭവിച്ചതു് എന്നുപോലും അയാൾക്കു പറയാൻ സാധിച്ചു എന്നു വരുന്നതല്ല. സ്പർശനേന്ദ്രിയത്തിന്റെ കഴിവുകേടാണ് നാമിവിടെ കാണുന്നതു്. കണ്ണുകളുടെ സഹായമില്ലാതെ ചെവികൾ ഏററവും അവിശ്വാസനീയമായിരിക്കും. ശബ്ദം പുറപ്പെടുന്ന സ്ഥാനം ചെവി തിരിച്ചറിയുന്നതു് മിക്കവാറും കണ്ണുകളുടെ സഹായത്തോടെയാണ്. കണ്ണുകെട്ടിയിട്ട് ഒരാളുടെ മുൻപിലും പുറകിലും മുകളിലും താഴെ നിലത്തും രണ്ടു നാണയങ്ങൾ കൂട്ടിമുട്ടിച്ചു ശബ്ദമുണ്ടാക്കി അതിന്റെ ഉത്ഭവസ്ഥാനം ചോദിച്ചാൽ അയാളുടെ ഉത്തരങ്ങളിലുണ്ടാകുന്ന തെററു് വളരെ അതിശയകരമായിരിക്കും. കോടതികളിലെ സാക്ഷിമൊഴിയിൽ ഇങ്ങനെ വളരെ തെററുകൾ വരാം. അപ്രതീക്ഷിതമായ ഒരു ശബ്ദം മുൻപിൽ നിന്നാണ് താൻ കേട്ടതു് എന്നൊരാൾ പറഞ്ഞാൽ അതു ശരിയായിരിക്കണമെന്നില്ല.

രസകരവും എന്നാൽ പ്രായോഗിക പ്രാധാന്യമുള്ളതുമായ ഈ ഇന്ദ്രിയഭ്രമങ്ങൾക്ക് ഒരു പ്രത്യേക പരിഹാരം നിർദ്ദേശിക്കുക സാദ്ധ്യമല്ല. ഇതിന്റെ കാരണങ്ങൾ വ്യത്യസ്തങ്ങളാണ്. അസാധാരണമായ പരിതഃസ്ഥിതികളിൽ അവാസ്തവമായ തോന്നലുകളുണ്ടാകാം. ഒരു ഭാഗം വെള്ളത്തിൽ മുങ്ങിയിരിക്കുന്ന ഋജുവായ ഒരു ദണ്ഡ് വളഞ്ഞു കാണുന്നതു് ഇതിനുദാഹരണമാണ്. മററു ചിലപ്പോൾ ഇന്ദ്രിയങ്ങളുടെ ചില പ്രത്യേകതകൾ മൂലം തോന്നലുകളുണ്ടാകുന്നു.

അതുപോലെതന്നെ ഭയത്തിനും പ്രതീക്ഷയ്ക്കും ഇതിലൊരു പ്രധാന പങ്കുണ്ട്. മങ്ങിയ വെളിച്ചത്തിൽ നിലത്തുകിടക്കുന്ന കയറ് ഒരു പാമ്പാണെന്നു തെറ്റിദ്ധരിക്കുന്നത് നമുക്കു പരിചയമുള്ള ഒരുദാഹരണമാണല്ലോ. ഭൂതപ്രേതാദികളെ കാണുന്നതും ഈശ്വരദർശനമുണ്ടാകുന്നതും മറ്റും ഇരുട്ടത്തിൽ ഉൾപ്പെട്ടതാം. ഒരു വെള്ളവസ്ത്രമോ ചെടികളോ വല്ലതും ആയിരിക്കും ഈ ഭൂതപ്രേതങ്ങൾ. ധൃതിപിടിച്ച നിരീക്ഷണസ്വഭാവം, ആലോചിക്കാതെ പെട്ടെന്ന് തൃപ്തിപ്പെടുന്ന പതിവ് ഇതെല്ലാം ഇന്ദ്രിയഭ്രമത്തിനു മറ്റു കാരണങ്ങളാണ്.

വസ്തുതകളുടെ വാസ്തവസ്ഥിതി മനസ്സിലാക്കാനാഗ്രഹിക്കുന്ന ശാസ്ത്രകാരന്മാർ, നിയമപാലകർ തുടങ്ങി എല്ലാവർക്കും ഇവ ഏതെങ്കിലും വിധത്തിൽ ഒരു തടസ്സമായിരിക്കും. പക്ഷേ മറ്റൊരു കൂട്ടർക്ക് ഇതൊരു ജീവിതമാർഗ്ഗം കൂടിയാണ്. ഇന്ദ്രിയങ്ങളുടെ ബലഹീനതയെ സമർത്ഥമായി ചൂഷണം ചെയ്യുക എന്നത് ഇന്നൊരു കലയായിവരെ ഉയർന്നിട്ടുണ്ടെന്നു പറയാം. കൺകെട്ടും ചെറുകിട ജ്യോതിഷവും മറ്റും ഇതിന്റെ പരിഷ്കൃത മാതൃകകളാണ്. ഇന്ദ്രജാലകലയുടെ അടിസ്ഥാനം തന്നെ ഈ തോന്നലുകളിലാണെന്നു പറയാം.

അതിനാൽ ഇന്ദ്രിയഗതമായ അറിവുകളെ മാത്രം ആശ്രയിക്കുന്നത് അത്ര സ്വീകാര്യമായി കരുതേണ്ടതില്ല. സ്വന്തം ശരീരാവയവങ്ങളെപ്പോലും പൂർണ്ണമായി വിശ്വസിക്കാൻ സാധിക്കയില്ലെങ്കിൽ പിന്നെ എന്തിനെയാണ് വിശ്വസിക്കാവുന്നത്......? അറിവിന്റെ ആദ്യത്തെ പടിയായി എല്ലാറ്റിനെയും അവിശ്വസിക്കാൻ പതിനേഴാം നൂറ്റാണ്ടിലെ ഡേക്കാർട്ട് എന്ന ഫ്രഞ്ചു തത്വശാസ്ത്രജ്ഞൻ പറഞ്ഞത് ഇതൊക്കെ ചിന്തിച്ചു കൊണ്ടാണോ എന്തോ.

Leela Thomas

Statement about ownership and other particulars about newspaper (The Union Christian College Magazine) to be published in the first issue every year after last day of February.

## FORM IV.

(See Rule 8)

| | |
|---|---|
| 1. Place of Publication | —Union Christian College, Alwaye, Kerala State. |
| 2. Periodicity of its publication | —Once in a year—In March—April |
| 3. Printer's Name | —Shri C. T. Benjamin |
| Nationality | —Indian |
| Address | —Union Christian College |
| 4. Publisher's Name | —Shri C. T. Benjamin |
| Nationality | —Indian |
| Address | —Union Christian College |
| 5. Editor's Name | —Shri C. T. Benjamin |
| Nationality | —Indian |
| Address | —Union Christian College |
| 6. Name and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital | —Dr. P. M. Mathai<br>Shri T. B. Thomas<br>Rev. A. A. Pylee |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

8-3-1963. C. T. BENJAMIN.

# केरल का देशीयोत्सव

(T. Subramania Iyer,
II B. Sc., Chemistry)

★

उत्तर भारत में हर साल फ़ालगुन महीने की पूर्णिमा के अवसर बड़ी धूमधाम से मनाई जानेवाली होली की तरह दक्षिण में हम केरलीयों का देशीय उत्सव है ओणम। नाक में दम करनेवाली घोर वर्षा के उपरान्त नयी फसल का मौका आता है और लोग अपने गत परिश्रम की याद करके उसके फल की प्राप्ति पर फूले न समाते हैं। होली की तरह ओणम भी देशीयोत्सव हो चुका है। फिलहाल ही उसे यह पद मिल सका है। चूंकि केरलीय सर्कार ओणम को देशीय उत्सव की पदवी पर प्रतिष्ठित करके हर साल उसे ठाटबाट के साथ मनाने को आगे आयी है, वह एक ही जाति-हिन्दुओं के तंग दायरे से बाहर निकल कर सार्वजनिक समादर के योग्य बन गया है। होली सिर्फ सामाजिक आनन्द केलिए ही नहीं अपनी कलात्मक सुन्दरता केलिए भी मशहूर हुई है। होली की ये दोनों खूबियाँ ओणम में भी नज़र आती है।

लोगों का विश्वास है कि उस प्राचीन असुर सम्राट महाबली के वैभवपूर्ण शासन की याद को कायम रखने केलिये यह त्योहार मनाया जाता है। महाबली के शासन में, माना जाता है कि, अकाल या गरीबी का नामोनिशान तक नहीं था। इस की खास वजह यह थी कि शासन के मुआमलों में उनको जनता की ओर से सब तरह का सहयोग मिला था। विदेशीय शासन में भारतीय सामाजिक जीवन की अनुपम आकर्षकता धीरे धीरे विनष्ट होने लगी थी। फलत स्वतंत्रता प्राप्ति के अवसर पर हम अपने को अवनति की गहरी दरार में ही पा सके। अपनी मातृभूमि को इस विकट परिस्थिति से ऊपर उठाने और वैभव के उत्तुंग शिखर पर बिठा देने का निश्चय हमारे प्रतिभावान नेताओं द्वारा किया गया। इस सुनहले सपने को मूर्त रूप देने के हेतु देश के अनगिनत नेताओं अपने तन, मन, धन समर्पित किये। उक्त लक्ष्य की पूर्ति के

लिये भारतीय जनता की संपूर्ण एकता और सहयोग लाजिमी है। हाँ ओणम होली आदि देशीय त्योहारों प्रथम और प्रमुख उपयोगिता आम जनता के एक ही सूत्र में बाँधने में है। इन पर्वों से हम अपरिसीम शक्ति और प्रेरण प्राप्त करें ताकि जाति, धर्म, प्रान्त आदि की दीवारों को तोड़कर भारतीय जनजीवन को पूर्णता की ओर बढ़ावें।

ओणम के अवसर पर समस्त केरलीय जनता प्रसन्न चित्त रहती है। हर एक के मन में उमंग और उत्साह लहरें मारते हैं। बाढ़ का पानी उतर जाता है और खेतों की लहकती हरियाली सब कहीं नज़र आती है। मन को मुग्ध करनेवाले रंग बिरंगे फूलों से वृक्ष-लतादि सज्जित होते हैं। इसलिये बच्चोंको अपने घरों के आंगन में फूलों से कई प्रकार के मण्डप अलंकृत करने की सुविधा मिलती है। हर दिन पौ फटने के पहले वे जाग उठते हैं और पिछले दिन इकट्ठे किये हुए पुष्पों से अलंकार के श्रम करने लगते हैं। हम इस बात पर गर्व कर सकते हैं कि हर साल अनगिनत विदेशीय यात्री ओणम की निस्सीम सुन्दरता को देखकर आनन्द लुटाने की उद्देश्य से केरल में आया करते हैं। उन केलिये, यह ज़रूर, मन बहलाव का सर्वप्रिय अवसर है।

ओणम की एक और विशेषता यह है कि इस समय सब लोगों के बीच में अपूर्व भ्रातृ भाव परिलक्षित होता है। अमीर-गरीब या हिन्दु-अहिन्दु की भिन्नता कोसों दूर रहती है। जिसे त्योहार मनाने की सामग्रियाँ कम है उसकी मदद ज़रूर औरों से की जाती है। हम एक बात ध्यान में रखें। यह भाईचारा हमारे बीच में सदा केलिए जारी रहे। हम अपनी वर्तमान आर्थिक और राजनैतिक कठिनाइयों को दूर करके पूर्ण एकता के साथ आगे बढ़ें और बिना विलंब के, लक्ष्य पर पहुँचें। 'ओणम' से हम यही उत्तम सन्देश पावें।

# आँसू की दो बूँदें

(Susheelamma Chacko,
Class II Maths.)

★

रात्री का समय था। निस्तब्धता और सूचिभेद्य अंधकार सब कहीं छा गया था। आकाश में तारे टिम टिमा रहे थे। रषीदा चुप चाप बैठी थी। उसके मन में वेदना, आँखों में आँसू और सिर में दर्द था। ओफ! कैसी विरसता। समय ग्यारह बज चुका था। लेकिन निद्रादेवी ने उसकी ओर देखा तक नहीं। वह ज़ोर से रोना चाहती थी। लेकिन आवाज़ बाहर न आयी। आँसू की दो बूँदें उसकी आँखों से ढुलक पडीं।

पुस्तक से आँखें उठाकर डॉ. जोषी ने पूछा "अरी तुम फिर रोने लगी क्या?" इसप्रकार मत रोओ रषीदा। रोने से क्या फायदा? सब कुछ विधी की विडंबना है।"

लेकिन वह अपने को संभाल न सकी। भूतकाल की स्मरणायें मन में उमड आती है, दुर्वह वेदना पहुँचाती हुई।

* * * *

उस दिन रषीदा कालेज से घर आयी थी। पडोस के घर में रहने को कुछ लोग आये थे। घर आकर माँ से पूछने पर मालूम हुआ कि वे एक इन्जिनीयर, उनकी पत्नी और लाड्ली लाडकी है। संध्या के समय रषीदा और माँ वहाँ गयीं। सिर्फ कुशलान्वेषण केलिए। वे सज्जन थे। उनकी छोटी लडकी का नाम था लता। एक भोली भाली सात साल की सुन्दरी लडकी। रषीदा को देखते ही वह आकर बातें करने लगी "चेची मेरा नाम लता है। दया करके आप का नाम बताइये।"

पूछने के पहले ही बातें करने की उसकी चतुरता देखकर रषीदा को अचरज हुआ। उसने उत्तर दिया "मेरा नाम रषीदा है।" बातचीत चलती रही। दो तीन दिन के ही अन्दर वे प्रगाड मित्र बन चुकी। हर दिन रषीदा कालेज जाते वक्त लता उस के साथ गेट तक जाया करती थी और शामको उसकी बाट जोहती रहती थी। एक दिन लता दौडकर आयी और कहा 'चेची मेरे घर में आइये। माँ पुकारती हैं। जलदी ही आना।"

रषीदा उसके साथ गयी। लता की माँ सिरदर्द के कारण पलंग पर पडी थी।

रषीदा को देखते ही वह उठ बैठी। रषीदा भी वहाँ एक कुरसी पर बैठी। लता एक तितली की तरह इधर उधर घूमती थी। लता की माँ ने कहा :—"रषीदा मुझे बुखार का लक्षण है। सिरदर्द भी है। इसलिए आज लता को मैं अपने साथ रहने न दूँगी। उसको आज रात तुम्हारे साथ ले जाइये। लता यह सुनकर बहुत खुश हो गयी। प्रसन्न होकर वह बोली।

"हाँ मैं चेची के साथ लेटकर सोऊँगी। चेची मुझ से कहानी कहेंगी।"

रषीदा को भी बहुत खुशी हुई। लता को वह अपनी जान से भी अधिक प्यार करती थी। उसको और कोई भाई बहनें न थीं। लता को वह हमेशा केलिए एक छोटी बहिन के रूप में मिलना चाहती थी। लेकिन क्या फायदा। लता भी अपने माँ-बाप की इकलौती बेटी थी।

रात में रषीदा पढने लगी। लता भी अपनी किताबें साथ लायी थी। रषीदा के साथ बैठकर लता भी अपनी किताबें पढने लगी। साढे नौ तक दोनों पढते रहे। फिर खाने पीने के बाद रेडियो के पास बैठकर गाना सुनने लगीं। रषीदा गीत बहुत पसन्द करती थी। रात में सोने लेटते वक्त लता ने रषीदा से कहा :— 'चेची मैं तुम्हें अक्सर बुलाऊँगी। तुम पसंद करोगी न ?' रषीदा को यह सुनकर हँसी आयी। उसने हँसकर कहा :—"यह क्या बात है लता? तुम अपने मामा की पत्नी को हाँ मामी बुला सकती हो? मैं तुम्हारी चेची हूँ। इसलिए मुझे चेची ही बुलाना।"

लता ने यह सुनकर कहा :—"मैं ने तुम से एक बात कहूँ। कान में ही कहूँ। माँ से न कहना, पिताजी से न कहना, और किसी से न कहना।"

"नहीं लता, तुम बोलो। मैं किसी से न कहूँगी। क्या बात है?"

लता ने रषीदा के कान में कहा :— "माँ ने मुझ से कहा कि चेची मेरे मामा की पत्नी बन जाएँगी।"

विवाह के इस परामर्श पर रषीदा के गालों पर ललिमा फैल गयी। उसने कहा "लता तुम सोओ।"

धीरे धीरे लता सो गयी। लेकिन रषीदा नहीं सोयी। वह सोचने लगी। लता की बातें क्या सच हैं। अपनी शादी के बारे में वह अब तक नहीं सोचती थी। धीरे धीरे रषीदा भी सो गयी।

* * * *

रषीदा अब फैनल बी. ए. क्लास में पढ़ती है। एक दिन वह अपने मेज़ पर एक 'पाकेट' देखा। उस पर लिखा था। "मेरी चेची रषीदा के नाम पर छोटी बहिन लता का उपहार।" तभी रषीदा को अपने जन्माष्टमी की याद आयी। रषीदा कालेज से आ रही थी। लता की माँ ने गटे तक

आकर उसको बुलाया । "इसी राह से आइये रंपीदा। लता यहाँ तुम्हारी प्रतीक्षा करती रहती है।" इस समय लता भी वहाँ दौड़कर आयी। रंपीदा ने कहा :— किताबें रखकर अभी आऊँगी।"

रंपीदा किताब सब रखकर जल्दी ही लौट आयी। बरामदे में और कोई नहीं था। एक युवक वहाँ बैठकर सिगरट पीता था। रंपीदा जल्दी ही अन्दर घुस गयी।

लता की माँ ने रंपीदा का स्वागत किया और वे दोनों बात चीत करने लगी। काफी पीते समय वह अपरिचित युवक भी आया। रंपीदा ने सोचा। लता के पिताजी का कोई मित्र होगा। काफी पी कर वहाँ से जाते समय भी रंपीदा को यह बात मालूम न थी। कि डां: जोषी लता के मामा हैं। जब वह आयी तब लता भी हँसती हुई वहाँ आयी "ओ अम्माई क्या मेरे मामा अच्छे आदमी है ?" लता लज्जित हो गयी। उस समय ही उसको मालूम हुआ कि डां. जोषी लता के मामा हैं। वार्षिक परीक्षा को दो महीने हैं। पढने केलिए बहुत है। रंपीदा कमरे में बैठकर पढ़ रही थी।

"रंपीदा, लता को बुखार है।" उसकी माँ ने आकर कहा।

"क्या? बुखार" लता ने पूछा। वह दौडकर लता के पास गयी। लता एक पलंग पर लेटी थी। उसकी माँ भी वहाँ बैठी थी। रंपीदा को देखते ही लता मुसकुरायी। दूसरे दिन कालेज जाने के पहले रंपीदा लता को देखने गयी। "लता आज बहुत सुखी है।" लता की माँ ने कहा।

रंपीदा कालेज चली गयी। क्लास में बैठकर प्रफसर की लक्चर सुन रही थी प्यूण ने आकर कहा :—"प्रिंसिपल बुलाते हैं।" वह जल्दी क्लास से बाहर गयी। प्रिंसिपल के कमरे के आगे कार थी। कार में वह लता के घर गयी। उस के पास माँ बैठी थी। कुछ दूर पर पिताजी एक कुरसी पर बैठे थे। डां. जोषी भी लता की सेवा शुश्रूषा केलिए वहाँ थे।

रंपीदा ने लता को पुकारा। "लता, लता आँखें खोलो। यहाँ तुम्हारी चेची आयी।" एक निमिष केलिए वे भोली आँखें खुल गयीं। लेकिन जल्दी ही वह बेहोश हो गयी। बेहोशी में भी वह कहती थी।

"चेची, मैं चेची को मामी बुलाऊँगी" उसके ये शब्द सुनकर माँ बाप की आँखें अश्रुपूर्ण हुई। रंपीदा अपने को संभाल न सकी। वह फूट फूट कर रोने लगी। डां जोषी की आँखों से भी आँसू की दो बूँदें लता के मुँह पर गिर पडीं। लता ने बेहोशी से जागकर पूछा :—चेची कहाँ हैं? मामा, माँ, बाप सब कहाँ हैं।" उसने आँखें खोलकर सब की ओर एक बार देखा। इस नश्वर जगत से उसका प्राण पखेरू उड़ गया।

* * * *

आज डां। जोषी और रवींद्रा पति पत्नी हैं। रवींद्रा अपनी छोटी बहिन को कभी न भूल सकी। "रवींद्रा अब समय दो बज चुके हैं। क्या तुम अब तक न सोयी? लेटकर सोओ। इस प्रकार नींद के बिना बैठें तो बीमारी आयेगी।" रवींद्रा ने चिंता से जागकर क्लाक में देखा। हाँ अब समय दो बज चुका है। एक लंबी आह छोड़ती वह भी लेट गयी।

# प्रसादजी—नाटककार

(M. C. J.)

★

संसार के किसी भी साहित्य में ऐसे विरले ही प्रतिभावान कलामर्मज्ञ पाये जावेंगे जिन्होंने अपनी बेजोड रचनाओं द्वारा साहित्य के विविध क्षेत्रों में अग्रिम स्थान प्राप्त किया हो। इन इने-चुने प्रतिभावान साहित्यकारों में एक हैं—स्वं जयशंकर प्रसादजी। नाटक और कविता के क्षेत्रों में उन्होंने एक अतुलनीय स्थान हासिल तो किया ही है, निबंध और कथा के क्षेत्रों में भी उनकी तुलना असंभव है। पुराणों उपनिषदों, वेदों और हमारे देश के विशाल इतिहास का, उन्होंने गहनतम ज्ञान प्राप्त किया है। प्रसादजी ऐसे अपूर्व महान व्यक्तियों में एक थे जिन्होंने आर्य भारत की संस्कृति एवं उसकी आत्मा को संपूर्णतः देख लिया है।

जब प्रसादजी ने हिन्दी के नाटक-साहित्य में पदार्पण किया तब उसकी अवस्था बिलकुल अस्त-व्यस्त थी। भारतेन्दु युग और द्विवेदी युग के उपरांत उसकी गति रुकी सी दीखती थी। प्रसादजी के सामने नाटक के दो स्पष्ट परस्पर विरोधी रूप थे। एक प्राचीनता का पोषक, दूसरा भारतीय संस्कृति का मूलाघातक। दूसरे रूप के अन्तर्गत कई सारहीन, श्लीलता रहित नाटक आते हैं। पारसी कम्पनियों द्वारा सस्ते कथानकोंवाले बहुत नाटकों का प्रचार उस समय हो रहा था। इस समय प्रसादजी ने जनसामान्य की गिरती मनोवृत्ती को देख लिया। उन्होंने हमारे गौरवशाली अतीत की ओर भी आँखे उठायीं। उस गौरवान्वित पूर्वकाल के महत्व के द्वारा आधुनिक युग को प्रभावित करना अपना कर्तव्य समझा। 'विशाख' नामक अपने नाटक की भूमिका में उन्होंने स्वयं लिखा है "मेरी इच्छा भारतीय इतिहास के अप्रकाशित अंश में से उन प्रकाण्ड घटनाओं का दिग्दर्शन कराने की है, जिन्होंने कि हमारी वर्तमान स्थिति को बनाने का बहुत कुछ प्रयत्न किया है।"

उन्होंने यह अलंघनीय सत्य भली भाँति जान लिया था कि आज का जीवन कल के जीवन पर निर्भर है। बीते युग का ठीक मूल्याकन करने वर्तमान में उसका सम्यक समावेश करके ही विजय का रहस्य है। लेकिन प्रसादजी ने केवल गडे को उखाडने का विरस काम नहीं किया। उन्होंने अतीत की व्याख्या ऐसे की जो आधुनिक जीवन केलिए अत्यन्त उपयोगी हो।

ऐतिहासिक बातों का अनाकर्षक और यथातथ वर्णन न करके उन्होंने अपनी कल्पना के ज़रिये बहुत अद्भुत काम कर लिया है। इसी से ही उनके सब के सब नाटक सजीव और सुन्दर बने हैं। किन्तु उन्होंने कल्पना की अधिकता को ऐतिहासिक सत्यों का उल्लंघन करने नहीं दिया है। इस के कई उदाहरण दिखाये जा सकते हैं। 'ध्रुवस्वामिनी' नाटक में चन्द्रगुप्त का विवाह इस कारण से कराया है कि ध्रुवस्वामिनी का पहला पति रामगुप्त दुश्चरित्र एवं पौरुष-हीन था। यहाँ प्रसादजी ने चन्द्रगुप्त के चरित्र को कुशलतापूर्वक उज्वल बना दिया है; जैसे कालिदास ने 'मुनिशाप' से दुष्यन्त की लाज रखी है। इस तरह घटनाओं के संगठन करने में यत्र-तत्र कल्पना का पर्याप्त आधार लिया गया है।

अन्तर्द्वन्द्व उनके नाटकों के चरित्र चित्रण का प्राण है। बाह्य जगत के उतार चढाव और साथ ही साथ आन्तरिक संघर्षों से होते हुए बढनेवाले कई श्रेष्ठ पात्र उनके नाटकों में पाये जा सकते हैं। बाह्य और आन्तरिक संघर्षों का अच्छा समन्वय जिन पात्रों में हुआ है उनका चरित्र अतीव उज्वल हुआ है। उनके नाटकों के नायक भारतीय आदर्शों से युक्त होने पर भी अपना स्वतन्त्र व्यक्तित्व रखनेवाले हैं। प्रायः उनके प्रत्येक नाटक में एक ऐसा पात्र पाया जाता है जो अत्यन्त दृढचित्त-वाला और किसी भी बाधा की परवाह न करनेवाला हो। "स्कन्दगुप्त" की देवसेना, स्कन्दगुप्त और "अजातशत्रु" की मल्लिका आदी इसके उत्तम उदाहरण हैं।

कई आलोचक कहा करते हैं कि प्रसादजी के नाटक, भाषा की क्लिष्टता एवं लम्बे कथोपकथनों के कारण अभिनेय नहीं हैं। इस का भी समाधान है। यह ठीक है कि उनके नाटकों की भाषा ऊँचे स्तर की है। लेकिन इतिहास के महान व्यक्तियों के मुंह से ज़रा सुधरी मँजी भाषा सुनाना उचित ही नहीं आवश्यक भी है। अभि-नेयता की सुविधा केलिए कथोपकथनों गीतों आदि को भी योग्य व्यक्तियों द्वारा कम किया जा सकता है। इतना हो जाने पर उनके नाटक पूर्णतः अभिनेय ठहरते हैं। ऐसे उनके सभी नाटक सफलतापूर्वक अभिनीत हो चुके हैं। हाँ अभिनेता और सामाजिक का ज़रूर सुसंस्कृत रुचि सम्पन्न होने चाहिए। ऐसे साहित्यिक नाटकों केलिए एक नवीन रंगमंच भी अनुपेक्षणीय है।

ऐतिहासिक पृष्ठभूमि पर उन्होंने मनो-विज्ञान को जिस स्पष्टता के साथ अंकित किया है वह न केवल हिन्दी की अमर कृति है वरन वह समस्त भारतीय इतिहास और साहित्य की अमूल्य निधि भी है। 'अजातशत्रु', 'स्कन्दगुप्त' और 'चन्द्रगुप्त' उन के तीन ऐसे नाटक हैं जिन पर किसी भी साहित्य को गर्व हो सकता है।